# കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

## 29–ാം ജനറൽബോഡി

## പ്രവർത്തന റിപ്പോർട്ടും കണക്കും

2013 ഫെബ്രുവരി മുതൽ 2014 ഏപ്രിൽ 30 വരെ

**2014 മെയ് 14**

**അഹമ്മദ് കുരിക്കൾ പഞ്ചായത്ത് ഭവൻ**
**വെള്ളയമ്പലം, തിരുവനന്തപുരം**

**Kerala Grama Panchayath Association**
**29th General Body - Report**
(Malayalam)

*First Edition*: May 2014

*Published by*
**Kerala Grama Panchayat Association**
Ahammed Kurikkal Panchayat Bhavan, Observatory Hills
Thiruvananthapuram 695 033
Phone: 0471- 2325185 Fax: 0471- 2735156
Email: keralagpa@gmail.com
Website: www.keralagpassociation.org

*Book Design and Production*:
Wordpecker, Trivandrum

## ആമുഖം

കേരളത്തിലെ അധികാരവികേന്ദ്രീകരണം ഒട്ടേറെ ഗുണപരമായ മാറ്റങ്ങൾക്ക് വിധേയമായ കാലഘട്ടമായിരുന്നു 12-ാം പദ്ധതി. ഈ പദ്ധതി നടപ്പിലാക്കാൻ ആരം ഭിച്ചിട്ട് ഇത് മൂന്നാമത്തെ വർഷമാണ്. കഴിഞ്ഞ വർഷങ്ങളിലെ അനുഭവത്തിന്റെ അടി സ്ഥാനത്തിൽ പദ്ധതി രൂപീകരണമാർഗ്ഗരേഖയിലും, സബ്സിഡി നോംസിലും വേണ്ട മാറ്റം വരുത്തിയിരുന്നു. പഞ്ചായത്തുകൾക്ക് പുതുതായി അഡീഷണൽ സെക്രട്ടറി പോസ്റ്റ്, പുതുതായി 976 ജീവനക്കാർ, എല്ലാ പഞ്ചായത്തിലും ടെക്നിക്കൽ അസി സ്റ്റന്റുമാർ, ജനപ്രതിനിധികളുടെ ഓണറേറിയത്തിലെ വർദ്ധനവ്, പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളുടെ ശാക്തീകരണത്തിനായി കേന്ദ്ര സർക്കാരിന്റെ പ്രത്യേക പദ്ധതി, MGNREGS ന് മെറ്റീരിയൽ കോസ്റ്റ് ഉപയോഗിക്കാൻ സർക്കാർ അംഗീകാരം, തൊഴിലാളികൾക്ക് ഓൺലൈൻ വഴി ശമ്പളം, ജനപ്രതിനിധികൾക്കും സെക്രട്ട റിമാർക്കും ലാപ്ടോപ്പ് തുടങ്ങി നിരവധി മാറ്റങ്ങൾ വന്ന കാലമാണിത്. ഇതേസമയം ചില പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. ഇവ പരിഹരിക്കാൻ വീണ്ടും നാം കൂട്ടായി ശ്രമം നടത്തേണ്ടതുണ്ട്. മുകളിൽ സൂചിപ്പിച്ച മാറ്റങ്ങൾക്ക് അസോസിയേഷൻ യഥാ സമയത്ത് ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. എന്നാൽ ഉണ്ടായ നേട്ടങ്ങൾ ഫല പ്രദമായി വിനിയോഗിക്കുന്നതിൽ പഞ്ചായത്തുകൾ എത്രമാത്രം ശുഷ്ക്കാന്തി കാണിച്ചു എന്നത് നാം സ്വയം വിമർശനാത്മകമായി പരിശോധിക്കണം. 100% തുക വിനിയോഗി ക്കുമ്പോഴും 30% മാത്രമേ ഫലത്തിൽ കാണുന്നുള്ളൂ എന്ന എ.ജി.യുടെ റിപ്പോർട്ടിലെ പരാമർശം നാം വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. ഇത് നാം സ്വയം വിമർശ നമായി കണ്ട് മെച്ചപ്പെട്ട പ്രവർത്തനം പങ്കാളിത്തംവഴി 100% വിനിയോഗിക്കുമ്പോൾ 150% ഫലത്തിൽ എത്തിക്കാൻ കഴിയണം - അതാണ് അധികാരവികേന്ദ്രീകരണത്തിന്റെ അന്തസ്സത്ത. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സർക്കാരുമായി ബന്ധപ്പെട്ട് വേണ്ട മാറ്റങ്ങൾക്കുവേണ്ടി നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കുന്നതോടൊപ്പം പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായിക്കുക, പുതിയ മാതൃക കൾ സൃഷ്ടിക്കുക, അനുഭവങ്ങൾ പങ്കുവയ്ക്കുക എന്നീ പ്രവർത്തനങ്ങളും നടത്തിവരു ന്നു. അസോസിയേഷൻ കഴിഞ്ഞ വാർഷിക പൊതുയോഗത്തിനുശേഷം നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

## കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ 28-ാം സംസ്ഥാന പൊതുയോഗം

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ 28-ാം ജനറൽ ബോഡി 2013 ഫെബ്രുവരി 18 ന് തിരുവനന്തപുരത്തെ അഹമ്മദ് കുരിക്കൾ പഞ്ചായത്ത് ഭവനിൽ

വച്ച് നടന്നു. രാവിലെ 10 മണിക്ക് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യു പതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിച്ചു. തുടർന്ന് അസോസിയേഷൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടന യോഗത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ. ഹക്കിം അനുശോചനപ്രമേയം അവതരിപ്പിച്ചു. പ്രധാനമന്ത്രി ആയിരുന്ന ശ്രീ. ഐ.കെ. ഗുജറാൾ, കേരള ഗവർണർ ആയിരുന്ന ശ്രീ. ഒ.എച്ച്. ഫാറൂക്ക്, സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ. ടി.എം. ജേക്കബ് എന്നിവർക്ക് അനുശോചനം രേഖപ്പെടുത്തിയതോടൊപ്പം ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ ആയിരുന്ന കോട്ടയം ഈരാറ്റുപേട്ട ശ്രീ. പി.കെ. അലിയാർ, എറണാകുളം ശ്രീമൂലനഗരം പ്രസിഡന്റ് ശ്രീ. കെ.എച്ച്. ഹംസ, കൊല്ലം തഴവ പ്രസിഡന്റ് ആയിരുന്ന ശ്രീ. രാധാകൃഷ്ണപിള്ള, തിരുവനന്തപുരം വാമനപുരം പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീമതി പദ്മിനി സോമശേഖരൻ, കോഴിക്കോട് രാമനാട്ടുകര പ്രസിഡന്റ് ആയിരുന്ന ശ്രീ. കെ.പി.എ. അസീസ്, ആലപ്പുഴ വീയപുരം പ്രസിഡന്റ് ശ്രീമതി മോണിക്കാ ലാസർ, ഇടുക്കി മരിയാപുരം പ്രസിഡന്റും ഇടുക്കി ജില്ലാ അസോസിയേഷൻ ജില്ലാസെക്രട്ടറിയുമായിരുന്ന ശ്രീ. എൻ.സി. ജോർജ് എന്നിവർ കൂടാതെ മറ്റ് ജനപ്രതിനിധികൾ, മുൻ ജനപ്രതിനിധികൾ, കല, സാഹിത്യ, സാംസ്കാരിക, രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങളിലെ ശ്രദ്ധേയ വ്യക്തിത്വങ്ങൾ ഈ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞു. അവരുടെ എല്ലാവരുടേയും പേരിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

സ്വാഗതപ്രസംഗം നടത്തിക്കൊണ്ട് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സംസാരിച്ചു- 2011ൽ ഈ കമ്മിറ്റി അധികാരത്തിൽ വരുമ്പോൾ ഉന്നയിക്കപ്പെട്ട ബഹുഭൂരിപക്ഷം പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞു. സ്റ്റാഫ് പാറ്റേണിൽ നമ്മൾ ആവശ്യപ്പെട്ട അത്രയും മാറ്റം വന്നില്ലെങ്കിലും, ഒരു അസിസ്റ്റന്റ് സെക്രട്ടറി, ഒരു ലോവർ ഡിവിഷൻ ക്ലർക്ക്, വിട്ടുകിട്ടിയ ഉദ്യോഗസ്ഥനെ പൂർണമായും പഞ്ചായത്തിനായി ലഭിക്കുക എന്നീ മാറ്റങ്ങൾ പ്രശംസനീയം തന്നെ. പഞ്ചായത്തുകളുടെ ഗ്രേഡ് സംവിധാനം മാറ്റി, പഞ്ചായത്ത് സെക്രട്ടറിമാരെ ഗസറ്റഡ് ഓഫീസർമാരായി പ്രഖ്യാപിച്ചതും പദ്ധതി ആസൂത്രണപ്രക്രിയ ലഘൂകരിച്ചതും പഞ്ചായത്തുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകിയതും, ഓൺലൈൻ സംവിധാനം പ്രാവർത്തികമാക്കിയതും നമ്മുടെ പ്രവർത്തന നേട്ടമായി കാണണം. നമ്മൾ തയ്യാറാക്കി നൽകിയ കരട് സമീപനരേഖയെ അതേപടി ഉൾക്കൊണ്ടുകൊണ്ടാണ് ഗൈഡ്ലൈനിന് സർക്കാർ രൂപംനൽകിയത് എന്നതും അഭിമാനാർഹമാണ്.

ഹോണറേറിയത്തിലെ വർദ്ധനയും, നികുതി പരിഷ്കരണത്തിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തിയതും, താൽക്കാലിക എൻജിനിയർമാരെ വയ്ക്കാൻ അനുമതി നൽകിയതും എടുത്തുപറയേണ്ടതാണ്. ഇത്തരത്തിൽ നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞ്, ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സർക്കാരിനെയും വകുപ്പ് മന്ത്രിയെയും മുക്തകണ്ഠം നാം അഭിനന്ദിക്കണം.

പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചത് ബഹു. പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി **ഡോ. എം.കെ. മുനീർ** ആണ്. അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്: 2012-13 കാലത്ത് ആസൂത്രണരംഗത്തെ മികവ് പരിശോധിച്ചാൽ അത് തെളിയിക്കുന്നത് പഞ്ചായത്തുകൾ സ്വയംപര്യാപ്തത കൈവരിച്ചു എന്നാണ്. ആശങ്കയോടെ ചില പഞ്ചായത്തുകൾ മടിച്ചു നിൽക്കുന്നതിൽ അർത്ഥമില്ല. അടുത്ത സാമ്പത്തികവർഷം നിലവിലുള്ളതിനേക്കാൾ 25% തുക കൂടുതൽ ലഭിക്കുകയാണ്. അതനുസരിച്ച് നാം ഉയരണം. ഗ്രാമപഞ്ചായത്തുകൾ സർക്കാരിന്റെ പ്രതിരൂപങ്ങളായി മാറുകയാണ്. ചില പഞ്ചായത്തുകൾ അസൂയാവഹമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. സി.എ.ജി. റിപ്പോർട്ട് അനുസരിച്ച് പ്രോജക്ടിന്റെ/പദ്ധതിയുടെ 30% മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവഴിക്കുന്നുള്ളു. വരുംവർഷം ഏപ്രിൽ മുതൽ നമുക്ക് നിർവഹണത്തിന് അവസരം ലഭിക്കും. അപ്പോൾ ഈ ആക്ഷേപത്തിൽ നിന്നും മുക്തരാവാൻ ഉതകുന്ന തരത്തിൽ കരുതലോടെയുള്ള നിർവഹണം ഉണ്ടാവണം. വരുന്ന വർഷം ബജറ്റിനൊപ്പം പ്ലാനും അവതരിപ്പിക്കാൻ നമുക്ക് കഴിയണം. തുടക്കത്തിൽ ചില അസ്വസ്ഥതകൾ ഉണ്ടായി എങ്കിലും വളരെ വേഗത്തിൽ പഞ്ചായത്തുകൾ കമ്പ്യൂട്ടർ ഉപയോഗിച്ച് ഓൺലൈൻ വഴി കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തിയിലേക്ക് എത്തിയത് ഇന്ത്യൻ ചരിത്രത്തിലെ ഒരു പുത്തൻ അദ്ധ്യായമാണ്. നിങ്ങളുടെ ആവശ്യാനുസരണം സ്റ്റാഫ് പാറ്റേണിൽ വലിയ ഒരു മാറ്റം വരുത്താൻ കഴിഞ്ഞു- ഇതിന്റെ ഭാഗമായി തുടക്കമെന്ന നിലയിൽ 1854 ഓളം തസ്തികകൾ സൃഷ്ടിച്ചു. ഇതിൽ 864 അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തികകൾ വരുകയാണ്. എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ തയ്യാറാക്കാൻ സർക്കാർ നയപ്രഖ്യാപനത്തിൽ തന്നെ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതാണ്. പഞ്ചായത്ത് ജനപ്രതിനിധികളുടെ പെൻഷൻ സംബന്ധിച്ച് ക്യാബിനറ്റിന്റെ ചർച്ചയ്ക്ക് വച്ചിരിക്കയാണ്. കേരളത്തിൽ നൂറിലേറെ പഞ്ചായത്തുകൾ മൈനസ് പഞ്ചായത്തുകളാണ്. അവരെ താൽക്കാലികമായി സഹായിക്കാനും, സ്വയംപര്യാപ്തതയിൽ എത്തിക്കാനും പ്രത്യേക പരിപാടികൾ വേൾഡ് ബാങ്കുമായി ചേർന്ന് ആലോചിച്ചുവരുന്നു.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പുതുക്കിയ വെബ്സൈറ്റിന്റെയും ഇ-പത്രത്തിന്റെയും (നാട്ടുകാഴ്ച) പ്രകാശനകർമ്മം നിർവഹിച്ചുകൊണ്ട് ബഹു. ഗ്രാമവികസന-ആസൂത്രണ വകുപ്പ് മന്ത്രി **ശ്രീ. കെ.സി. ജോസഫ്** സംസാരിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളെപ്പോലെ പഞ്ചായത്തുകൾക്കും പഞ്ചവത്സരപദ്ധതി ഉണ്ടാവണം. തൊഴിലുറപ്പ് പദ്ധതി വഴി വരൾച്ചയെ നേരിടാൻ, കുടിവെള്ള സംരക്ഷണം സാദ്ധ്യമാക്കാൻ നമുക്ക് കഴിയണം. അഴിമതിക്ക് എതിരെ പോരാടുന്നതിൽ, പദ്ധതി നിർവഹണത്തിൽ ഒക്കെ മെച്ചപ്പെട്ട പ്രവർത്തനവും സഹകരണവും ഉണ്ടാവണം എന്ന് പഞ്ചായത്ത് ജനപ്രതിനിധികളോട് അദ്ദേഹം ആവശ്യപ്പെട്ടു.

25 വർഷക്കാലം പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്ന ശ്രീ. മൊയിൻകുട്ടി മൗലവി (മലപ്പുറം ജില്ലയിലെ പുളിക്കൽ പഞ്ചായത്ത്), ശ്രീ. പി.വി. സെയ്ദ് (കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി പഞ്ചായത്ത്) എന്നിവരെ ബഹു. നിയമസഭ പ്രതിപക്ഷനേതാവ് **ശ്രീ. വി.എസ്. അച്ചുതാനന്ദൻ** പൊന്നാടയും മൊമന്റയും നൽകി ആദരിച്ചു. പഞ്ചായത്തുകൾക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കാനായി സർക്കാർ സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. ഭക്ഷ്യോത്പാദനം, മാലിന്യസംസ്കരണം, ജലസംരക്ഷണം എന്നിവയിൽ പഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധിക്കണം. ജനങ്ങൾക്ക് കൂടുതൽ സൗകര്യവും മെച്ചപ്പെട്ട ജീവിതവും എന്ന അധികാര വികേന്ദ്രീകരണത്തിന്റെ സത്ത തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചു.

പഞ്ചായത്ത് ഡയറക്ടർ ശ്രീമതി ലളിതാംബിക ഐ.എ.എസ്. ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു.:- നമ്മുടെ അയൽസംസ്ഥാനമായ കർണാടകയിലും, പിന്നെ പഞ്ചാബിലും പഞ്ചായത്തിന് കൈമാറിയ ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകുന്നത് പഞ്ചായത്തുകൾ വഴിയാണ്. ഇത് ദ്വിമാന നിയന്ത്രണം ഒഴിവാക്കാൻ വളരെ സഹായകമാണെന്ന് അവിടത്തെ അനുഭവങ്ങൾ തെളിയിക്കുന്നു. ഹിമാചൽ പ്രദേശിൽ ഉള്ളതുപോലെ ജുഡീഷ്യൽ അധികാരവും, ഗുജറാത്തിൽ ഉള്ളതുപോലെ റവന്യു ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണവും നമ്മുടെ പഞ്ചായത്തുകൾക്കും ലഭിക്കേണ്ടതുണ്ട്. പല രാജ്യങ്ങളിലും നിലനിൽക്കുന്നതുപോലെ പോലീസിന്റെ മേലുള്ള അധികാരവും ഉത്തരവാദിത്വവും കൂടി നമുക്ക് ലഭിക്കേണ്ടതുണ്ട്. കൂടാതെ ഗൈഡ്ലൈൻ ഇല്ലാത്ത അവസ്ഥയിലേക്ക് ഉയരാനും നമുക്ക് കഴിയണം. അപ്പോഴാണ് നാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി മാറുന്നത്.

ഐ.കെ.എം. ഡയറക്ടർ ഡോ. എം. ഷംസുദ്ദീൻ ആശംസകൾ അർപ്പിച്ച് സംസാരിച്ചു:- രണ്ടു മാസം കൊണ്ട് 1,87,000 പ്രോജക്ടാണ് കേരളത്തിൽ ഓൺലൈനായി എൻട്രി ചെയ്തത്. 10 സോഫ്റ്റ്‌വെയറുകളും ഇൻസ്റ്റാൾ ചെയ്ത് സമ്പൂർണ കമ്പ്യൂട്ടറൈസ്ഡ് ജില്ലയായി കോട്ടയം ജില്ല മാറിയിരിക്കുകയാണ്.

ഉദ്ഘാടന സെഷനുശേഷം നടന്ന പൊതുസമ്മേളനത്തിന്റെ സ്വാഗതം അസോസിയേഷൻ വൈസ്പ്രസിഡന്റ് അഡ്വ. പന്തളം പ്രതാപൻ നിർവഹിച്ചു. തുടർന്ന് ജനറൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും ഓരോ ജില്ലയിൽ നിന്നും ഓരോ പ്രതിനിധികൾ വീതം ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയും ചെയ്തു. ചർച്ചയിൽ ഉയർന്നുവന്ന സംശയങ്ങൾക്ക് പ്രസിഡന്റ് മറുപടി പറഞ്ഞു. സെക്രട്ടറി ശ്രീ. നസീർ നന്ദി രേഖപ്പെടുത്തിയതോടെ യോഗം അവസാനിച്ചു.

ഉച്ചയ്ക്ക് 2 മണിയോടെ ജലവിഭവ വകുപ്പും സി.സി.ഡി.യു.വും കേരള ഗ്രാപപഞ്ചായത്ത് അസോസിയേഷനും സംയുക്തമായി ജലസംരക്ഷണത്തിന് ഏറ്റെടുത്ത പരിപാടിയുടെ തുടക്കമെന്ന നിലയിൽ 'ജലകർമ്മസേന'യുടെ ഔദ്യോഗിക ഉദ്ഘാടനകർമ്മം നിർവഹിച്ചത് ബഹു. കേരള മുഖ്യമന്ത്രി **ശ്രീ. ഉമ്മൻ ചാണ്ടി** ആയിരുന്നു. വരൾച്ചയും അതുമൂലമുണ്ടാകന്ന കെടുതികളും നമ്മുടെ നിയന്ത്രണങ്ങൾക്കും അപ്പുറമാണ്. എന്നാൽ കെടുതിയുടെ കാഠിന്യം കുറയ്ക്കാൻ കരുതലോടെയുള്ള നമ്മുടെ ഇടപെടൽ കൊണ്ട് സാധിക്കും ജനങ്ങളോട് ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾ എന്ന നിലയ്ക്ക് കൈകോർത്തുപിടിച്ച് നമുക്ക് ഒറ്റക്കെട്ടായി ഇത്തരം പ്രതിസന്ധികളെ നേരിടാം. ജനങ്ങൾക്ക് പഞ്ചായത്തുകളെക്കുറിച്ചും സർക്കാരിനെക്കുറിച്ചും 15 വർഷങ്ങൾക്കുമ്പ് ഉണ്ടായിരുന്നതിനേക്കാൾ ഏറെ പ്രതീക്ഷയാണ് ഇപ്പോഴുള്ളത്. അതനുസരിച്ച് നമുക്ക് ഉയർന്ന് പ്രവർത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മൾ പിന്തള്ളപ്പെടും.

പ്രസ്തുത യോഗത്തിന് സ്വാഗതം അർപ്പിച്ചത് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യു ആണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മണ്ണ്, ജല, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. യോഗ അദ്ധ്യക്ഷൻ ബഹു. ജലവിഭവ വകുപ്പ് മന്ത്രി **ശ്രീ. പി.ജെ. ജോസഫ്**:- കേരളത്തിൽ 25% മഴ കുറഞ്ഞിട്ടുണ്ട്. നമുക്ക് ലഭിക്കുന്ന മഴ പരമാവധി സംരക്ഷിച്ചുവയ്ക്കാൻ നമുക്ക് കഴിയണം. ഈ പ്രവർത്തനത്തിൽ പഞ്ചായത്തുകൾക്ക് നിർണായകമായ റോളാണുള്ളത്. വിവര വിതരണ വിദ്യാഭ്യാസ സാമഗ്രികളുടെ വിതരണം ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. രാജമാണിക്യം ഐ.എ.എസ്. നിർവഹിച്ചു, അത് ഏറ്റുവാങ്ങിയത് വിളക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി ജോസാണ്. പദ്ധതി വിശദീകരണം

നടത്തിയത് സി.സി.ഡി.യു. ഡയറക്ടർ ശ്രീ. സുഭാഷ്ചന്ദ്രബോസായിരുന്നു. നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. തുടർന്ന് ആശംസകൾ അർപ്പിച്ചുകൊണ്ട് സൂപ്പി നരിക്കാട്ടേരി സംസാരിച്ചു. സി.സി.ഡി.യു.വിന്റെ അക്കൗണ്ട്സ് ഓഫീസർ ശ്രീമതി സ്മിതാദേവി കൃതജ്ഞത അർപ്പിച്ചുകൊണ്ട് യോഗം അവസാനിച്ചു

## സംഘടന

പഞ്ചായത്ത് അസോസിയേഷൻ കഴിഞ്ഞവർഷം ഭരണസമിതിയോഗം അഞ്ച് എണ്ണവും, എക്സിക്യൂട്ടീവ് കമ്മറ്റി അഞ്ച് എണ്ണവും, എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ജില്ലാ പ്രസിഡന്റ് സെക്രട്ടറിമാരും ചേർന്ന് 5 സംയുക്ത യോഗങ്ങളും അടക്കം 15 കമ്മറ്റികളാണ് ചേർന്നത്. ഇതിന്റെ വിശദമായ അറ്റന്റൻസ് ചുവടെ ചേർക്കുന്നു. ഇതിൽ 2013 സെപ്റ്റംബർ 21, 22 തീയതികളിൽ വയനാട് വച്ച് കൂടിയ സംയുക്തയോഗം രണ്ടു ദിവസമായിരുന്നു. ഇതുകൂടാതെ വിവിധ ആവശ്യങ്ങൾക്കായി ഭാരവാഹികൾ തിരുവനന്തപുരത്ത് വരുമ്പോൾ കൂടി കാര്യങ്ങൾ ആലോചിച്ചാണ് പ്രവർത്തനങ്ങൾ മുന്നോട്ടു നീക്കുന്നത്.

| ക്രമ നം. | പേരും ഔദ്യോഗിക സ്ഥാനവും | എക്സിക്യൂട്ടീവ് കമ്മിറ്റി (5) സംയുക്ത എക്സിക്യൂട്ടീവ് യോഗങ്ങൾ (5) | ഭാരവാഹികളുടെ യോഗം (5) | ആകെ (15) |
|---|---|---|---|---|
| 1. | ശ്രീ. പി.റ്റി. മാത്യു പ്രസിഡന്റ് | 8 | 5 | 13 |
| 2. | ശ്രീ. സൂപ്പി നരിക്കാട്ടേരി ജനറൽ സെക്രട്ടറി | 9 | 4 | 13 |
| 3. | അഡ്വ. കോശി. എം. കോശി വൈസ് പ്രസിഡന്റ് | 1 | 0 | 1 |
| 4. | ശ്രീ. എൻ.പി. സ്നേഹജൻ വൈസ് പ്രസിഡന്റ് | 4 | 3 | 7 |
| 5. | അഡ്വ. കെ. പ്രതാപൻ വൈസ് പ്രസിഡന്റ് | 4 | 3 | 7 |
| 6. | ശ്രീ. റസാഖ് C.P സെക്രട്ടറി | 6 | 2 | 8 |
| 7. | ശ്രീ. നസീർ M സെക്രട്ടറി | 9 | 1 | 10 |
| 8. | ശ്രീ. K.K. ജിന്നാസ് സെക്രട്ടറി | 5 | 1 | 6 |

## എക്സിക്യൂട്ടീവ് ഭാരവാഹികൾ

| ക്രമ നം. | പേര് | എക്സിക്യൂട്ടീവ് കമ്മിറ്റി (5) സംയുക്ത എക്സിക്യൂട്ടീവ് യോഗങ്ങൾ (5) |
|---|---|---|
| 9. | പൊഴിയൂർ ജോൺസൺ | 7 |
| 10. | അഡ്വ. എ.എ. ഹക്കീം | 3 |
| 11. | കെ.സുഭാഷ് | 6 |
| 12. | ഫാത്തിമഖാൻ | 4 |
| 13. | അഡ്വ. ഇ. യൂസഫ് കുഞ്ഞ് | 5 |
| 14. | റ്റി.കെ. സജീവ് | 2 |
| 15. | ജഗദമ്മ സോമരാജൻ | 2 |
| 16. | കെ.എൽ. പ്രസന്നകുമാരി | 0 |
| 17. | ജോർജ്ജ് അഗസ്റ്റിൻ | 4 |
| 18. | ബാബു കെ. കോര | 15 |
| 19. | സി.കെ. രാമചന്ദ്രൻ | 5 |
| 20. | ജോണി സെബാസ്റ്റ്യൻ | 3 |
| 21. | ജോജി തോമസ് | 0 |
| 22. | ജി. വിജയാനന്ദൻ | 0 |
| 23. | കാർത്ത്യായനി സർവ്വൻ | 2 |
| 24. | ലിസ്സി കുരുവിള | 2 |
| 25. | സീനത്ത് ഇക്ബാൽ | 2 |
| 26. | വി.കെ. ഫസലുൽ അലി | 5 |
| 27. | സുലൈമാൻ. എൻ | 5 |
| 28. | കല്ലടി അബൂബക്കർ | 7 |
| 29. | സുമലത മോഹൻദാസ് | 5 |
| 30. | O.T. ജയിംസ് | 8 |
| 31. | പി.പി. സഫറുള്ള | 4 |
| 32. | കെ.വി. സിദ്ദിഖ് | 5 |
| 33. | പി. സുരേന്ദ്രൻ | 1 |
| 34. | കെ.മോഹനൻ | 3 |
| 35. | അലി ഹാജി പി.എ | 8 |
| 36. | എച്ച്.ബി. പ്രദീപ് മാസ്റ്റർ | 6 |

| | | |
|---|---|---|
| 37. | ഗഗാറിൻ | 3 |
| 38. | കെ.വി. മേമി | 1 |
| 39. | പി. കൗസല്യ ടീച്ചർ | 1 |
| 40. | സി.കെ. അരവിന്ദാക്ഷൻ | 4 |
| 41. | എം. ബാലകൃഷ്ണൻ | 4 |
| 42. | ബഷീർ A.G..C | 7 |

## ജില്ലാ ഭാരവാഹികൾ

| ക്രമ നം. | പേര് | സംയുക്ത എക്സിക്യൂട്ടീവ് യോഗങ്ങൾ (5) |
|---|---|---|
| 1. | അമ്പലത്തറയിൽ ഗോപകുമാർ | 1 |
| 2. | ഡോ. വി.എൻ. സുഷമ | 3 |
| 3. | എൽ. ഷൈലജ | 1 |
| 4. | അഡ്വ. ബി. സനൽകുമാർ | 3 |
| 5. | റ്റി.കെ. രാമചന്ദ്രൻ നായർ | 3 |
| 6. | മേഴ്സി സാമുവൽ | 0 |
| 7. | എം.ത്യാഗരാജൻ | 3 |
| 8. | ബി. ബിനു | 3 |
| 9. | ബെൽജി ഇമ്മാനുവൽ | 0 |
| 10. | പ്രേംജി. ആർ | 0 |
| 11. | റ്റി.വി. സക്കറിയ | 0 |
| 12. | എം.എം. അവറാൻ | 0 |
| 13. | എ. അജിത്കുമാർ | 4 |
| 14. | രാജേന്ദ്രൻ അരങ്ങത്ത് | 1 |
| 15. | കെ. രവീന്ദ്രാഥൻ | 4 |
| 16. | സി.കെ. അബ്ദുൾ റസാഖ് | 4 |
| 17. | സി.കെ. ജയദേവ് | 4 |
| 18. | നൊച്ചാട് കുഞ്ഞബ്ദുള്ള | 2 |
| 19. | ബിജു താന്നിക്കാക്കുഴി | 3 |

| | | |
|---|---|---|
| 20. | എം.എ ജോസഫ് | 2 |
| 21. | പി.കെ. ഹസ്മത്ത് | 2 |
| 22. | പി. രവീന്ദ്രൻ | 1 |
| 23. | സി.എച്ച്. മുഹമ്മദ് കുഞ്ഞി | 1 |
| 24. | രാജു കട്ടക്കയം | 4 |
| 25. | ബെൽജി ഇമ്മാനുവൽ (മുൻ പ്രസിഡന്റ്) | 0 |
| 26. | എൻ. ജീവകുമാർ (മുൻ സെക്രട്ടറി) | 0 |
| 27. | പി.പി.അയ്യൂബ് (മുൻ സെക്രട്ടറി) | 1 |
| 28. | കോങ്കി രവീന്ദ്രൻ | 3 |
| 29. | പി.വി. ജോസ് | 5 |

## ജില്ലാ ജനറൽബോഡികൾ

ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, പഞ്ചായത്തുകളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജനറൽബോഡി നടത്താൻ തീരുമാനിച്ച് ജില്ലകളെ അറിയിച്ചു. ജില്ലകൾ തരുന്ന തീയതിയിൽ കത്ത് പഞ്ചായത്തുകൾക്ക് അയയ്ക്കാനും, ഫോൺചെയ്ത് ഓർമിപ്പിക്കാനും വേണ്ട പ്രവർത്തനങ്ങൾ അസോസിയേഷന്റെ സംസ്ഥാന ഓഫീസിൽ നിന്നാണ് നിർവഹിച്ചത്. വയനാട്, ഇടുക്കി, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ജനറൽബോഡി നടന്നില്ല. നടന്ന സ്ഥലങ്ങളിൽ പലതിലും പങ്കാളിത്തം കറവായിരുന്നു എന്നത് തികച്ചും വിമർശനാർഹം തന്നെ.

## പഞ്ചായത്ത് ദിനാഘോഷങ്ങൾ

ഈ കാലയളവിൽ 2013 ഏപ്രിൽ 23, 27 തീയതികളിൽ കോഴിക്കോടും 2014 ഫെബ്രുവരി 18, 19 തീയതികളിൽ കോട്ടയത്തും വച്ച് രണ്ട് പഞ്ചായത്ത് ദിനാഘോഷ ങ്ങളാണ് നടന്നത്.

### 2013 ഏപ്രിൽ 23, 24 – കോഴിക്കോട്

കോഴിക്കോട് ബീച്ചിന് സമീപത്തുള്ള ഗുജറാത്ത് ഹാളിൽ വച്ചാണ് 2013 ലെ പഞ്ചായത്ത് ദിനാഘോഷം നടന്നത്. ഈ ദിനാഘോഷം അസോസിയേഷൻ പ്രസി

ഡന്റ് പതാക ഉയർത്തി ആരംഭിച്ചു. ഉത്ഘാടന സെഷനിൽ സ്വാഗതം അർപ്പിച്ചത് അസോസിയേഷൻ ജനറൽ സെക്രട്ടറിയും അദ്ധ്യക്ഷ പ്രസംഗം ബഹു.കോഴിക്കോട് മേയർ ശ്രീമതി കെ.പ്രേമനും നിർവ്വഹിച്ചു. ഉത്ഘാടന കർമ്മം നിർവ്വഹിച്ചത് ബഹു. പഞ്ചായത്ത് മന്ത്രി ഡോ. എം.കെ.മുനീറായിരുന്നു. ഉദ്ഘാടന പ്രസംഗത്തെ തുടർന്ന് ആശംസകൾ നേർന്ന് കൊണ്ട് എം.എൽ.എമാരായ ശ്രീ. എ. പ്രദീപ്കുമാർ, ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, ശ്രീ. പുരുഷൻ കടലുണ്ടി, എ.കെ. ശശീന്ദ്രൻ, ശ്രീ. ഇ.കെ. വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ അസ്ഥാന പ്രസിഡന്റ് പി.റ്റി. മാത്യു, ജില്ലാ പഞ്ചായത്ത് ചേമ്പർ സെക്രട്ടറി ശ്രീമതി സുഹറ മാമ്പാട് തുടങ്ങിയവർ സംസാരിച്ചു. പഞ്ചായത്ത് ഡയറക്ടർ ആയിരുന്ന ശ്രീമതി. എസ്. ലളിതാംബിക ഐ.എ.എസ്. കൃതജ്ഞതയും രേഖപ്പെടുത്തി. ഇതിന്റെ ഭാഗമായി ഉച്ചക്ക് 2 മണിക്ക് "കേന്ദ്രാവിഷ്കൃത പദ്ധതികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും " എന്ന വിഷയത്തിൽ സെമിനാർ നടന്നു. ഈ സെഷന്റെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റു വിഷയാവതരണം കില ഡയറക്ടർ ശ്രീ.പി.പി. ബാലനും ആയിരുന്നു. വിഷയാവതരണത്തെ തുടർന്ന് കിലയുടെ അസി.പ്രൊഫ. ജെ.ബി. രാജനും, കോഴിക്കോട് അസി. ഡവലപ്പ്മെന്റ് കമ്മീഷണർ ശ്രീ. പി. രവീന്ദ്രനും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് ശ്രീ. സി.പി. റസാക്കും സംസാരിച്ചു. തുടർന്ന് ചോദ്യങ്ങൾ ചോദിക്കാൻ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അവസരം നൽകി. ഇതിന്റെ ഭാഗമായിവന്ന സംശയങ്ങൾക്ക് മറുപടി നൽകുകയും അസോസിയേഷൻ വൈസ് പ്രസിഡന്റ് ശ്രീ. എം.പി. സ്നേഹജൻ കൃതജ്ഞതയും അർപ്പിച്ച്, കലാപരിപാടികളോടെ ആദ്യദിവസം അവസാനിപ്പിച്ചു.

രണ്ടാം ദിവസം രാവിലെ 10 മണി മുതൽ "പ്രാദേശിക സർക്കാരുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും" എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി സംവാദം ആരംഭിച്ചു ഈ സെഷനിലെ മുഖ്യ അതിഥിയായിരുന്നത് എം.എൽ.എ പ്രൊഫ.സി.രവീന്ദ്രൻ ആയിരുന്നു. തുടർന്ന് സംവാദത്തിൽ പങ്കെടുത്തുകൊണ്ട് മുൻ പഞ്ചായത്ത് വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ. പി.കെ.കെ. ബാവ, പഞ്ചായത്ത് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. ചെയർമാൻ ശ്രീ. കെ. മൊയ്ദീൻ കോയ, ശുചിത്വമിഷൻ എക്സി.ഡയറക്ടർ ഡോ. ദിലീപ്കുമാർ തുടങ്ങിയവർ കില ഡയറക്ടർ ഡോ. പി. പി. ബാലൻ മോഡറേറ്ററായിരുന്ന സെഷനിൽ സംസാരിച്ചു. ഉച്ചതിരിഞ്ഞുള്ള സമാപന സെഷനിൽവച്ച് അവാർഡ് വിതരണം നടത്തി. അതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

## കേന്ദ്രസർക്കാരിന്റെ പഞ്ചായത്ത് എംപവർമെന്റ് & അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം പ്രകാരം അവാർഡിനർഹരായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| 1. | ജില്ലാ പഞ്ചായത്ത് : | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | |
| 2. | ബ്ലോക്ക് പഞ്ചായത്ത്: | ഒന്നാം സ്ഥാനം | - ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് |
| | | രണ്ടാം സ്ഥാനം | - ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് |
| | | മൂന്നാം സ്ഥാനം | - ളാലം ബ്ലോക്ക് പഞ്ചായത്ത് |
| 3. | ഗ്രാമപഞ്ചായത്ത് : | ഒന്നാം സ്ഥാനം | - പുലാമന്തോൾ ഗ്രാമപഞ്ചായത്ത് |
| | | രണ്ടാം സ്ഥാനം | - അടാട്ട് ഗ്രാമപഞ്ചായത്ത് |
| | | മൂന്നാം സ്ഥാനം | - ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് |

## സംസ്ഥാന തലത്തിൽ 2011-12 വർഷത്തെ സ്വരാജ് ട്രോഫിക്ക് അർഹരായ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് | - | ആലപ്പുഴ ജില്ലാ പഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | | |
| ഒന്നാം സ്ഥാനം | - | വാമനപുരം ബ്ലോക്ക് പഞ്ചായത്ത് |
| രണ്ടാം സ്ഥാനം | - | ളാലം ബ്ലോക്ക് പഞ്ചായത്ത് |
| ഗ്രാമപഞ്ചായത്ത് | - | പുലാമന്തോൾ ഗ്രാമപഞ്ചായത്ത് |

## മികച്ച ഗ്രാമപഞ്ചായത്ത് ജില്ലാതലം

| ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|
| തിരുവനന്തപുരം | പള്ളിച്ചൽ | കാട്ടാക്കട |
| കൊല്ലം | കുലശേഖരപുരം | തൃക്കടവൂർ |
| പത്തനംതിട്ട | കവിയൂർ | |
| ആലപ്പുഴ | പാലമേൽ | കൃഷ്ണപുരം |
| കോട്ടയം | മുത്തോലി | കരൂർ |
| എറണാകുളം | ചോറ്റാനിക്കര | |
| തൃശ്ശൂർ | അടാട്ട് | പൂമംഗലം |
| പാലക്കാട് | ശ്രീകൃഷ്ണപുരം | |

| | | |
|---|---|---|
| മലപ്പുറം | പൊൻമുണ്ടം | |
| കോഴിക്കോട് | നാദാപുരം | ബാലുശ്ശേരി |
| വയനാട് | വൈത്തിരി | |
| കണ്ണൂർ | ചെമ്പിലോട് | എരഞ്ഞോളി |
| കാസറഗോഡ് | മടിക്കൈ | |

**2011 –12 വർഷത്തെ**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച് മഹാത്മാ പുരസ്കാരത്തിന് അർഹരായവർ**

**സംസ്ഥാനതലം**

| | |
|---|---|
| ഒന്നാം സ്ഥാനം | ചെങ്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം |
| രണ്ടാം സ്ഥാനം | അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി |
| മൂന്നാം സ്ഥാനം | രാജകുമാരി ഗ്രാമപഞ്ചായത്ത്, ഇടുക്കി. |

**ജില്ലാതലം**

| ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|
| തിരുവനന്തപുരം | കാരോട് | കോട്ടുകാൽ |
| കൊല്ലം | ഏരൂർ | തലവൂർ |
| പത്തനംതിട്ട | പള്ളിക്കൽ | ഏഴംകുളം |
| ആലപ്പുഴ | കഞ്ഞിക്കുഴി | തണ്ണീർമുക്കം |
| കോട്ടയം | ഉദയനാപുരം | മറവൻതുരുത്ത് |
| ഇടുക്കി | കൊന്നത്തടി | കഞ്ഞിക്കുഴി |
| എറണാകുളം | കൂവപ്പടി | അയ്യംപുഴ |
| തൃശ്ശൂർ | പഴയന്നൂർ | വലപ്പാട് |
| പാലക്കാട് | അഗളി | മൂണ്ടൂർ |
| മലപ്പുറം | പോത്തുകല്ല് | വഴിക്കടവ് |
| കോഴിക്കോട് | ചങ്ങരോത്ത് | പനങ്ങാട് |
| വയനാട് | ഇടവക | പൂതാടി |
| കണ്ണൂർ | ഉളിക്കൽ | നടുവിൽ |
| കാസർകോട് | മൂളിയാർ | മടിക്കൈ |

**2014 ഫെബ്രുവരി 18, 19 – കോട്ടയം**

ഈ പഞ്ചായത്ത് ദിനാഘോഷത്തിന്റെ മുന്നോടിയായി ലോഗോപ്രകാശനം, ഫോട്ടോഗ്രാഫി മത്സരം, ഘോഷയാത്ര എന്നിവ സംഘടിപ്പിക്കുകയുണ്ടായി.

2014 ലെ പഞ്ചായത്ത് ദിനാഘോഷം പഞ്ചായത്തിരാജിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്ന ശ്രീ.ബൽവന്തറായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 നെ അനുസ്മരിച്ച് കൊണ്ട് പഞ്ചായത്ത് ദിനാഘോഷം 2014 ഫെബ്രുവരി 18, 19 തീയതികളിലായി വിവിധ പരിപാടികളോടെ കോട്ടയത്തുള്ള മണർക്കാട് പള്ളി ആഡിറ്റോറിയത്തിൽ വച്ച് നടക്കുകയുണ്ടായി. ഒന്നാം ദിവസം രാവിലെ 9.30 ന് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യു പതാക ഉയർത്തി പഞ്ചായത്ത് ദിനാഘോഷം ആരംഭിച്ചു.

ഈ പഞ്ചായത്ത് ദിനാഘോഷത്തിന് 12 എക്സിബിഷൻ സ്റ്റാളും ഫോട്ടോഗ്രാഫി മത്സരത്തിൽ പങ്കെടുത്ത ഫോട്ടോകളുടെ പ്രദർശനവും ഉണ്ടായിരുന്നു. എക്സിബിഷന്റെ ഉത്ഘാടനകർമ്മം നിർവ്വഹിച്ചത് ബഹു. ഗ്രാമവികസന, ആസൂത്രണ വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ് അവർകളായിരുന്നു. പ്രസ്തുത എക്സിബിഷനിൽ ഗ്രാമപഞ്ചായത്ത് അസോസിയേന് പ്രത്യേകം ഒരു സ്റ്റാൾ ഉണ്ടായിരുന്നു. 10.30 മണിയോടെ ഉത്ഘാടന സമ്മേളനം ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉത്ഘാടന സമ്മേളനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ള സഹായങ്ങൾ, നേട്ടങ്ങൾ, തുടർന്ന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ ചൂണ്ടിക്കാട്ടി ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പിനരിക്കാട്ടേരി സ്വാഗതവും, സമ്പൂർണ്ണ പെൻഷൻ സംസ്ഥാനമായി പ്രഖ്യാപിച്ചുകൊണ്ട്, പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചൂണ്ടിക്കാട്ടി ബഹു. കേരള മുഖ്യമന്ത്രി ഉത്ഘാടന പ്രസംഗവും നിർവ്വഹിച്ചു. കൂടാതെ ആശംസകൾ അർപ്പിച്ചു കൊണ്ട് ശ്രീ.മോൻസ് ജോസഫ് എം.എൽ.എ., കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. നിർമ്മല ജിമ്മി, ശ്രീ. ജമാൽ മണക്കാടൻ ചെയർമാൻ, മുനിസിപ്പൽ ചെയർപേഴ്സൺസ് ചേമ്പർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, അഡ്വ. എം. മണികണ്ഠൻ, പ്രസിഡന്റ് ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, ശ്രീ. ബാബു കെ. കോര, പ്രസിഡന്റ്, മണർക്കാട് ഗ്രാമപഞ്ചായത്ത് എന്നിവർ സംസാരിച്ചു. പ്രസ്തുത സെഷന് കൃതജ്ഞത അർപ്പിച്ചത് പഞ്ചായത്ത് ഡയറക്ടർ കുമാരി മിത്ര.റ്റി.ഐ.എ.എസ്. ആയിരുന്നു. ഉച്ചക്ക് 2.15 ഓടെ "ത്രിതല പഞ്ചായത്ത് സംവിധാനവും അനുബന്ധ വകുപ്പുകളും" എന്ന വിഷയത്തിൽ സെമിനാർ ആരംഭിച്ചു. പ്രസ്തുത സെമിനാറിന്റെ സ്വാഗതം പഞ്ചായത്ത് ഡയറക്ടർ കുമാരി മിത്ര.റ്റി.ഐ.എ.എസ്. നിർവ്വഹിച്ചു. ഈ

സെഷന്റെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി ശ്രീ.എം. നസീർ ആയിരുന്നു. ഇതിൽ പങ്കെടുത്തുകൊണ്ട് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എം. ദിലീപ്കുമാർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഡയറക്ടർ ഡോ. എ. കൗഷിഗൻ ഐ.എ.എസ്, കില ഡയറക്ടർ ഡോ. പി.പി. ബാലൻ എന്നിവർ സംസാരിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ. ബെൽജി ഇമാനുവേൽ പ്രസ്തുത സെഷന്റെ കൃതജ്ഞതയും രേഖപ്പെടുത്തി. തുടർന്ന് 4 മണിയോടെ മികച്ചപ്രകടനം കാഴ്ചവച്ച പഞ്ചായത്തുകളുടെ അനുഭവങ്ങൾ അവതരിപ്പിക്കുന്നതിനുള്ള അവസരമായിരുന്നു ചുവടെ പഞ്ചായത്തിന്റെ പേരും വിഷയവും രേഖപ്പെടുത്തിയിരിക്കുന്നു. ഈ സെഷന്റെ പ്രസീസിയം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റുമാരായ ശ്രീ. എൽ.പി സ്നേഹജൻ അഡ്വ. പന്തളം പ്രതാപൻ, ശ്രീ. സി.പി. റസാക്ക് സെക്രട്ടറി ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എന്നിവരായിരുന്നു. തുടർന്ന് വൈകുന്നേരം 6.30 മണിയോടെ കലാപരിപാടികൾ ആരംഭിച്ചു.

രണ്ടാം ദിവസം രാവിലെ "അധികാര വികേന്ദ്രീകരണം 12-ാം പദ്ധതിയുടെ പങ്ക് - അടുത്ത ചുവടുകൾ" എന്ന വിഷയത്തെ അധികരിച്ച് ഒരു സെമിനാറോടെയാണ് യോഗം ആരംഭിച്ചത്. ഈ സെഷന്റെ സ്വാഗതം അസോസിയേഷൻ ജനറൽ സെക്രട്ടറിയും അദ്ധ്യക്ഷസ്ഥാനം കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീമതി നിർമ്മല ജിമ്മിയും നിർവ്വഹിച്ചു. ഈ സെഷനിൽ വിഷയാവതരണം നടത്തിയത് തദ്ദേശസ്വയം ഭരണവകുപ്പിന്റെ മുൻ പ്രിൻസി സെക്രട്ടറിയും ഇപ്പോൾ Mangegs ന്റെ കേന്ദ്ര അഡീഷണൽ സെക്രട്ടറിയുമായ ശ്രീ.എസ്.എം. വിജയാനന്ത് ഐ.എ.എസ്. ആയിരുന്നു. ഈ സെഷൻ മോഡറേറ്റ് ചെയ്തത് സംസ്ഥാന പ്ലാനിങ്ങ് ബോർഡ് മെമ്പർ ശ്രീ. സി.പി. ജോൺ ആയിരുന്നു. കൂടാതെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഡോ. തോമസ് ഐസക് എം.എൽ.എ ബഹു. മുൻ തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി കുട്ടി അഹമ്മദ് കുട്ടി, കില ഡയറക്ടർ ഡോ. പി.പി.ബാലൻ, മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ പ്രൊ വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ എന്നിവർ സംസാരിച്ചു. അധികാരവികേന്ദ്രീകരണത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ കാതലായ ആശയങ്ങൾ പകർന്ന് നൽകുന്നതിന് ഈ സെമിനാർ വളരെ സഹായകമായിരുന്നു.

സമാപന സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ബഹു. പഞ്ചായത്ത് മന്ത്രി ഡോ. എം.കെ. മുനീറും സ്വാഗതം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റും നിർവ്വഹിച്ചു. ഈ സെഷനിൽ മുഖ്യപ്രഭാഷണം നടത്തിയത് ബഹു. പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദനായിരുന്നു. തുടർന്ന് സ്വരാജ് ട്രോഫിയുടെ വിതരണം, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവാർഡ് നൽകൽ, ഐ.എസ്.ഒ

അംഗീകാരം നേടിയ സ്ഥാപനങ്ങളെ ആദരിക്കൽ, സംസ്ഥാനതല ഫോട്ടോഗ്രാഫി മത്സരവിജയികൾക്കുള്ള സമ്മാനദാനം, ഡി.ഡി.പി.മാരെ ആദരിക്കൽ, മികച്ച പ്രവർത്തനം കാഴ്ചവച്ച സെക്രട്ടറിമാരെ ആദരിക്കൽ, മികച്ച പത്രറിപ്പോർട്ടർമാരെ ആദരിക്കൽ എന്നിവ നടന്നു.

## 2012-13 സ്വരാജ് ട്രോഫി സംസ്ഥാന തല അവാർഡുകൾ

### മികച്ച ഗ്രാമപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി

| | |
|---|---|
| ഒന്നാം സ്ഥാനം | കവിയൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല |
| രണ്ടാം സ്ഥാനം | ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല |
| മൂന്നാം സ്ഥാനം | നാദാപുരം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല |

| ജില്ല | | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | ഒന്നാം സ്ഥാനം | ഇലകമൺ |
| | രണ്ടാം സ്ഥാനം | പെരുങ്കടവിള |
| കൊല്ലം | ഒന്നാം സ്ഥാനം | കുലശേഖരപുരം |
| | രണ്ടാം സ്ഥാനം | ഇല്ല |
| ആലപ്പുഴ | ഒന്നാം സ്ഥാനം | കൃഷ്ണപുരം |
| | രണ്ടാം സ്ഥാനം | വീയപുരം |
| കോട്ടയം | ഒന്നാം സ്ഥാനം | മരങ്ങാട്ടുപിള്ളി |
| | രണ്ടാം സ്ഥാനം | കരൂർ |
| ഇടുക്കി | ഒന്നാം സ്ഥാനം | ഇരട്ടയാർ |
| | രണ്ടാം സ്ഥാനം | ഇല്ല |
| എറണാകുളം | ഒന്നാം സ്ഥാനം | മണീട് |
| | രണ്ടാം സ്ഥാനം | ഇല്ല |
| തൃശ്ശൂർ | ഒന്നാം സ്ഥാനം | ഏങ്ങണ്ടിയൂർ |
| | രണ്ടാം സ്ഥാനം | അടാട്ട് |
| പാലക്കാട് | ഒന്നാം സ്ഥാനം | ശ്രീകൃഷ്ണപുരം |
| | രണ്ടാം സ്ഥാനം | തിരുവേഗപുറ |

| | | |
|---|---|---|
| മലപ്പുറം | ഒന്നാം സ്ഥാനം | പുലാമന്തോൾ |
| | രണ്ടാം സ്ഥാനം | ഇല്ല |
| കോഴിക്കോട് | ഒന്നാം സ്ഥാനം | കായണ്ണ |
| | രണ്ടാം സ്ഥാനം | ബാലുശ്ശേരി |

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
## മഹാത്മാ പുരസ്കാരം - 2012-13

**സംസ്ഥാന തലം**

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | വെള്ളറട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം. |
| രണ്ടാം സ്ഥാനം | - | അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി |
| മൂന്നാം സ്ഥാനം | - | ചെങ്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം. |

## 2012-13 വർഷത്തെ സംസ്ഥാനത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തുകൾ

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ ജില്ല ട്രോഫിയും, 25 ലക്ഷം രൂപ, പ്രത്യേക ധനസഹായവും |
| രണ്ടാം സ്ഥാനം | - | നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല ട്രോഫിയും, 15 ലക്ഷം രൂപ |
| മൂന്നാം സ്ഥാനം | - | ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ല ട്രോഫിയും, 10 ലക്ഷം രൂപ പ്രത്യേക ധനസഹായവും. |

## മഹാത്മാ പുരസ്കാരം 2012-13
## ജില്ലാതലത്തിലെ അവാർഡിന് അർഹരായവർ

| ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|
| തിരുവനന്തപുരം | കാട്ടാക്കട | കാരോട് |
| കൊല്ലം | തെന്മല | ഏരൂർ |
| പത്തനംതിട്ട | പള്ളിക്കൽ | ഏനാദിമംഗലം |

| | | |
|---|---|---|
| ആലപ്പുഴ | ആറാട്ടുപുഴ | ചേർത്തലതെക്ക് |
| കോട്ടയം | ഉദയനാപുരം | മറവൻതുരുത്ത് |
| ഇടുക്കി | വാത്തിക്കുടി | കൊന്നത്തടി |
| എറണാകുളം | കൂവപ്പടി | അയ്യമ്പുഴ |
| തൃശ്ശൂർ | ഏറിയാട് | തെക്കുംകര |
| പാലക്കാട് | അഗളി | പട്ടഞ്ചേരി |
| മലപ്പുറം | വഴിക്കടവ് | പള്ളിക്കൽ |
| കോഴിക്കോട് | പനങ്ങാട് | കോട്ടൂർ |
| വയനാട് | പൂതാടി | മാനന്തവാടി |
| കണ്ണൂർ | ഉളിക്കൽ | ആറളം |
| കാസർഗോഡ് | മടിക്കൈ | ചെമ്മനാട് |

## 14-ാം ധനകാര്യ കമ്മിഷനും പഞ്ചായത്തുകളും

കേന്ദ്ര 14-ാം ധനകാര്യ കമ്മിഷൻ 2013 ഡിസംബർ 18 ന് തിരുവനന്തപുരത്ത് സിറ്റിങ്ങ് നടത്തി. ഈ സിറ്റിങ്ങിൽ അസോസിയേഷൻ പഠനം നടത്തി ഒരു മെമ്മോറാണ്ടം സമർപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

- സംസ്ഥാന പ്ലാനിംഗ് ബോഡിന്റെ കോൺഫറൻസ് ഹാളിൽ വച്ച് പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. സി.പി. ജോണുമായി ചർച്ച നടത്തി. പ്രസ്തുത യോഗത്തിൽ പ്ലാനിംഗ് ബോർഡ് ജീവനക്കാർ, പ്ലാനിംഗ് ബോർഡ് അഡീഷണൽ സെക്രട്ടറി, അസോസിയേഷൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ബ്ലോക്ക് അസോസിയേഷൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, കില ഡയറക്ടർ, ഡോ. ഷഹീന (അസിസ്റ്റന്റ് പ്രൊഫസർ, എക്കണോമിക്സ് വിഭാഗം, കാർഷിക സർവ്വകലാശാല), ചീഫ് എക്സിക്യൂട്ടീവ് കോഡിനേറ്റർ കെ.ജി.പി.എ എന്നിവർ പങ്കെടുത്തു.
- ഇവിടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഡോ. ഷഹീനയുടെ നേതൃത്വത്തിൽ ഒരു കരട് മെമ്മോറാണ്ടം തയ്യാറാക്കി. അതിനായി കിലയിലും, അസോസിയേഷനിലും നിരവധി തവണ കൂടിയിരുന്നു.

- തയ്യാറാക്കിയ കരട് രേഖ, ഭാരവാഹികളുടെ യോഗത്തിലും, എക്സിക്യൂട്ടീവിലും ചർച്ച ചെയ്തു.

- ഇതിന്റെ അടിസ്ഥാനത്തിൽ വന്ന മാറ്റങ്ങൾ കൂടി ചേർത്ത് വിദഗ്ദ്ധ അഭിപ്രായത്തിനായി പ്രശസ്ത ധനതത്വശാസ്ത്രജ്ഞനായ ഡോ. എം.എ. ഉമ്മനുമായി ചർച്ച നടത്തി. പ്രസ്തുത ചർച്ചയിൽ അസോസിയേഷൻ പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറിമാരിൽ ഒരാളായ ശ്രീ. എം. നസീർ, മലപ്പുറം ജില്ലാ സെക്രട്ടറിയായ ശ്രീ. ജയദേവ്, വൈസ് പ്രസിഡന്റുമാരിൽ ഒരാളായ ശ്രീ. എം.എൻ.പി. സ്നേഹജൻ, ഡോ. ഷഹീന, കില അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജെ.ബി. രാജൻ, ചീഫ് എക്സിക്യൂട്ടീവ് കോഡിനേറ്റർ കെ.ജി.പി.എ എന്നിവർ പങ്കെടുത്തു.

- ഇതിന്റെ അടിസ്ഥാനത്തിൽ വന്ന തിരുത്തുകൾ കൂടി ഉൾപ്പെടുത്തി വീണ്ടും രണ്ടു പ്രാവശ്യം അസോസിയേഷനിൽ കൂടിയിരുന്ന് അന്തിമരൂപം നൽകുകയും ഈ മെമ്മോറാണ്ടം വായിച്ച് കമന്റ് ചെയ്യാനായി ഡോ. എം.എ. ഉമ്മൻ, ശ്രീ. സി.പി. ജോൺ എന്നിവർക്ക് വീണ്ടും നൽകി.

- 2013 ഡിസംബർ 18 ന് തിരുവനന്തപുരം തൈക്കാട് ഗസറ്റ്ഹൗസിൽ വച്ച് കൂടിയ 14-ാം ധനകാര്യ കമ്മിഷൻ സിറ്റിങ്ങിൽ വിഷയം അവതരിപ്പിക്കുകയും, ജനറൽ സെക്രട്ടറി മെമ്മോറാണ്ടത്തിന്റെ കോപ്പി കമ്മിഷന് നൽകുകയും ചെയ്തു.

മൊത്തം നടന്ന ചർച്ചയ്ക്ക് ഒടുവിൽ അസോസിയേഷൻ നടത്തിയ ഈ പ്രവർത്തനത്തെ പ്രശംസിക്കുകയും, ഇത് ശ്രേഷ്ഠമായ ഒരു പ്രവർത്തനമായി കമ്മീഷൻ വിലയിരുത്തുകയും ചെയ്തു. ഈ യോഗത്തിൽ ജനറൽ സെക്രട്ടറി കൂടാതെ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ ശ്രീ. പ്രദീപ് മാസ്റ്റർ, കല്ലടി അബൂബക്കർ, തൃശ്ശൂർ ജില്ലാ പ്രസിഡന്റ് ശ്രീ. അജിത്കുമാർ എന്നിവരും പങ്കെടുത്തു. എന്നാൽ ഈ യോഗത്തിലേക്ക് അസോസിയേഷനെ പ്രത്യേകം ക്ഷണിക്കുകയോ, പ്രത്യേകം അവതരണങ്ങൾക്ക് അവസരം ഒരുക്കുകയോ ചെയ്തിരുന്നില്ല. ഇത് തികച്ചും വിമർശനാത്മകമാണ്. എന്നാൽ അസോസിയേഷൻ അസോസിയേഷന്റെ ഇടം കണ്ടെത്തുകയായിരുന്നു.

## കാർഷിക സമഗ്രവികസനവും തരിശുരഹിത പഞ്ചായത്തും

ഈ പരിപാടിയുടെ ഭാഗമായി 92 പഞ്ചായത്തുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടന്നത്.

- പഞ്ചായത്തുകളിൽ, പഞ്ചായത്തുകൾ ആവശ്യപ്പെട്ടതനുസരിച്ച് ശരാശരി രണ്ട് തവണയെങ്കിലും വേണ്ട പിന്തുണ നൽകുന്നതിനായി പോയിട്ടുണ്ട്.
- ഫോൺ വഴി, ഇ-മെയിൽ വഴി പഞ്ചായത്തുകൾക്ക് ആവശ്യമുള്ള സഹായം എത്തിക്കാൻ നിരന്തരശ്രമം നടത്തി വരുന്നു.
- 30/01/2014 ന് തൃശൂർ, മലപ്പുറം, വയനാട്, എറണാകുളം ജില്ലകളുടെ റിവ്യൂമീറ്റിങ്ങ് തൃശ്ശൂർ ജില്ലയിൽ കിലയിൽ വച്ച് നടത്തി.
- 15/02/2014 ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടെ റിവ്യുമീറ്റിംഗ് തിരുവനന്തപുരത്ത് പഞ്ചായത്ത് ഭവനിൽ വച്ച് സംഘടിപ്പിച്ചു.
- 21/02/2014 ന് തിരുവനന്തപുരം ജില്ലയിൽ നിന്നും പങ്കെടുക്കാൻ കഴിയാതിരുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക റിവ്യൂമീറ്റിംഗ് പഞ്ചായത്ത് ഭവനിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി.
- 2014 മാർച്ച് 14-ാം തീയതിയിൽ കണ്ണൂർ, കോഴിക്കോട്, കാസർകോട് ജില്ലകളുടെ റിവ്യൂമീറ്റിങ്ങ് കണ്ണൂർ ജില്ലയിലെ പഞ്ചായത്ത് ഭവനിൽ വച്ച് നടക്കുകയുണ്ടായി.
- 2014 ഏപ്രിൽ 29, 30 തീയതികളിൽ കാർഷികരംഗത്തെ വിദഗ്ദ്ധരുടെ യോഗം ചേർന്ന് ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങൾക്ക് രൂപം നൽകി
    - കർമ്മസേന പ്രസിഡന്റ്, സെക്രട്ടറി, കോഡിനേറ്റർ, ട്രഷറർ, സൂപ്പർവൈസർ എന്നിവർക്ക് ത്രിദിന പരിശീലനത്തിനുള്ള മൊഡ്യൂൾ തയ്യാറാക്കി.
    - തെരഞ്ഞെടുത്ത പത്ത് ടെക്നീഷ്യൻസിന് വീതം ദ്വിദിന പരിശീലനത്തിന്റെ മൊഡ്യൂൾ തയ്യാറാക്കി.
    - കൃഷി സംബന്ധിച്ചുള്ള ഒരു ഹാൻഡ് ബുക്കിന് രൂപം നൽകി.

ഇത് കൂടാതെ പഞ്ചായത്തുകളിൽ ചുവടെ കൊടുത്തിട്ടുള്ള പരിപാടികൾ അസോസിയേഷന്റെ അക്കാദമിക് സഹായത്തോടെ സംഘടിപ്പിക്കുകയുണ്ടായി.

കണ്ണൂർ ജില്ലയിൽ - കുന്നോത്തുപറമ്പ്, ചെറുതാഴം, വയനാട് ജില്ലയിൽ ഇടവക, മീനങ്ങാടി, മലപ്പുറം ജില്ലയിൽ - കോഡൂർ, തിരുവാല, പെരുമണ്ണകരി, പാലക്കാട് ജില്ലയിൽ - പെരുവെമ്പ്, തൃശ്ശൂർ ജില്ലയിൽ - നാട്ടിക, എറണാകുളം ജില്ലയിൽ - കടമക്കുടി, ആലപ്പുഴ ജില്ലയിൽ - ചുനക്കര, തിരുവനന്തപുരം ജില്ലയിൽ - വെങ്ങാനൂർ എന്നിവിടങ്ങളിൽ കാർഷിക കർമ്മസേനയുടെ ഭാഗമായി നിയമിതരായ ടെക്നീഷ്യൻസിന് പതിമൂന്ന് ദിവസത്തെ പരിശീലനം അതത് പഞ്ചായത്തുകളിൽ വച്ച് പൂർത്തിയാക്കി. കൂടാതെ ഇടുക്കി ജില്ലയിലെ കട്ടപ്പന ഗ്രാമപഞ്ചായത്തിൽ മൂന്ന് ദിവസത്തെ പരിശീലനം നടത്തി. കണ്ണൂർ - ചെമ്പിലോട് പഞ്ചായത്തിൽ കർഷകരുടെ ഏകദിന

പരിശീലനവും സംഘടിപ്പിച്ചു. ഈ പരിശീലനങ്ങളെല്ലാം തിയറിയും പ്രാക്ടീസും ഉൾപ്പെടുത്തിയായിരുന്നു. പ്രാക്ടിക്കലിൽ മെഷീൻസ് ഉപയോഗിച്ച് കൃഷി, ഇടവിളകൃഷി, വളപ്രയോഗം, മരുന്ന് തളിക്കൽ, നിലം ഒരുക്കൽ എന്നിവ യന്ത്രസഹായത്തോടെ ചെയ്യാനും ജൈവകീടനാശിനി, ജൈവവളം എന്നിവ നിർമ്മിക്കാനും, യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും മെയിന്റനൻസ് എന്നിവയും ഈ പരിശീലനത്തിൽ ഉൾപ്പെടുത്തിയിരുന്നു.

ഈ പരിശീലന പരിപാടികളുടെ ഉത്ഘാടനം ഓരോ പഞ്ചായത്തിലും ചുവടെ കൊടുക്കുന്നവരാണ് നിർവ്വഹിച്ചത്. കുന്നോത്തു പറമ്പിൽ ബഹു.കൃഷി വകുപ്പ് മന്ത്രി ശ്രീ.കെ.പി. മോഹനൻ, നാട്ടിക ഗ്രാമപഞ്ചായത്തിൽ ബഹു. എം.എൽ.എ ശ്രീ. പ്രതാപൻ, കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ശ്രീ. ഉബൈദുള്ള എം.എൽ.എ., തിരുവാലി ഗ്രാമ പഞ്ചായത്തിൽ ബഹു. പട്ടകജാതി വകുപ്പ് മന്ത്രി ശ്രീ. എ.പി. അനിൽകുമാർ, കടക്കുടിയിൽ ബഹു.എം.എൽ.എ ശ്രീ. എസ്. ശർമ്മ, വെങ്ങാനൂർ പഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. റൂഫസ്, ഇടവക ഗ്രാമപഞ്ചായത്തിൽ ജില്ലാ വൈസ് പ്രസിഡന്റ് ശ്രീമതി ഉഷവിജയൻ എന്നിവരാണ്. പരിശീലന ഉത്ഘാടനം നടത്തിയത്. പരിശീലന സമാപനത്തിൽ പെരുവെമ്പ് ഗ്രാമപഞ്ചായത്തിൽ ബഹു.എം. എൽ.എ ശ്രീ. അച്യുതൻ, ഇടവക ഗ്രാമപഞ്ചായത്തിൽ പ്രശസ്ത സിനിമാ നടൻ ശ്രീ. ശ്രീനിവാസൻ എന്നിവർ കൂടാതെ ആത്മ, കൃഷി വകുപ്പ് എന്നിവിടങ്ങളിലെ ജില്ലാ തല ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തിരുന്നു.

കുന്നോത്ത് പറമ്പ്, നാട്ടിക, ചെറുതാഴം, ഗ്രാമപഞ്ചായത്തുകളുടെ കാർഷിക കർമ്മസേനയുടെ ഉദ്ഘാടനം. ബഹു.കൃഷി വകുപ്പ് മന്ത്രി ശ്രീ.കെ.പി. മോഹനൻ നിർവ്വഹിച്ചു. കട്ടപ്പന ഗ്രാമപഞ്ചായത്തിന്റെ ഉദ്ഘാടനം ഇടുക്കി ജില്ലാ പഞ്ചായത്തു പ്രസിഡന്റാണ് നിർവ്വഹിച്ചത്. ചുനക്കര ഗ്രാമപഞ്ചായത്തിന്റെ ഉദ്ഘാടനകർമ്മം ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ നിർവ്വഹിച്ചു.

പരിശീലനങ്ങൾക്കുശേഷം എടുത്തുപറയത്തക്ക പ്രവർത്തനങ്ങൾ നടത്തിയ പഞ്ചായത്തുകൾ നിരവധിയാണ് – ചെറുതാഴം പഞ്ചായത്തിൽ നിലം ഉഴുന്ന പ്രവൃത്തി മുഴുവൻ കാർഷിക കർമ്മസേനയാണ് ചെയ്തത്. – ശരാശരി 15,000 രൂപ വച്ച് മാസശമ്പളക്കാരായി. ഇതിന്റെ ഭാഗമായി തരിശായിക്കിടന്ന നിലം മുഴുവൻ കൃഷിക്ക് വിധേയമാക്കിയിരുന്നു.

പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്തിൽ അഞ്ച് ഏക്കറോളം തരിശുഭൂമിയിൽ കാർഷിക കർമ്മസേന കൃഷി ആരംഭിച്ചു. തിരുവാലി പഞ്ചായത്തിൽ മൂന്ന് ഏക്കറോളം തരിശുഭൂമിയിൽ കൃഷി ആരംഭിച്ചു. നാട്ടിക പഞ്ചായത്തിൽ രണ്ട് മാസത്തെ പ്രവർത്തനത്തിന്റെ ഭാഗമായി ഒന്നര ലക്ഷത്തോളം രൂപ കർമ്മസേനയ്ക്ക് വരുമാന

മായി, കരവാരം ഗ്രാമപഞ്ചായത്തിൽ 85 ഏക്കറോളം തരിശുഭൂമി ഈ പരിപാടിയുടെ ഭാഗമായി കൃഷി ചെയ്യാൻ ആരംഭിച്ചു. ആകെ 56 പഞ്ചായത്തുകൾ ഇതിനകം കർമ്മ സേന രൂപീകരിച്ചുകഴിഞ്ഞു.

തുടർ പ്രവർത്തനം എന്നോണം ഇനിയും പരിശീലനം നടത്താത്ത പഞ്ചായത്തുകളിൽ പരിശീലനം നടത്തുക, കാർഷിക കർമ്മസേനയിലെ ടെക്നീഷ്യൻസിന് ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ കൃഷിയുടെ ശാസ്ത്രീയത, മെഷീൻസിന്റെ ഉപയോഗം എന്നിവ സംബന്ധിച്ച് ഒരു ഹാൻഡ്ബുക്ക് തയ്യാറാക്കുക (ഇതിന്റെ പ്രവർത്തനം ആരംഭിച്ചു.), കർമ്മസേന - പ്രസിഡന്റ്, സെക്രട്ടറി ട്രഷറർ, കോഡിനേറ്റർ, കൃഷി ഓഫീസർ, സൂപ്പർവൈസർ എന്നിവർക്ക് മാനേജ്മെന്റ്, രജിസ്റ്ററുകളുടെ പരിപാലനം എന്നിവ സംബന്ധിച്ച് ത്രിദിനക്ലാസ്സ്, അഗ്രികൾച്ചർ ടെക്നീഷ്യൻസിന് സോഫ്ട് സ്ക്കിൽ പരിശീലനങ്ങൾ എന്നിവ എത്രയും വേഗത്തിൽ ഇവർക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇതിനു വേണ്ട മുന്നൊരുക്കപ്രവർത്തനങ്ങൾ ആരംഭിച്ചു.

നമ്മുടെ ഇടപെടലിന്റെ ഭാഗമായി കാർഷിക കർമ്മസേനയ്ക്ക് 100% സബ്സിഡിയിൽ മെഷീൻസ് വാങ്ങാനായി വേണ്ട മാറ്റം ഗൈഡ്ലൈനിൽ വരുത്തി. കൂടാതെ കാർഷികകർമ്മസേനയെ പാടശേഖരസമിതികൾ പോലെ നിർവഹണ ഏജൻസിയായിക്കണ്ട് സോഫ്റ്റ്വെയറിൽ കോഡ് കൊണ്ടുവരാനുള്ള ശ്രമം നടത്തി. ഇതിന്റെ ഭാഗമായി മെഷീൻ വാങ്ങിനൽകാൻ കർമ്മസേന തുടങ്ങിയ ബഹുഭൂരിപക്ഷം പഞ്ചായത്തുകളും പ്രോജക്ട് വച്ചു. കൂടാതെ നമ്മുടെ നിരന്തരം ഇടപെടലിന്റെ ഭാഗമായി കർമ്മസേന രൂപീകരിച്ച പഞ്ചായത്തുകൾക്ക് RKVYയിൽ ഉൾപ്പെടുത്തി 10,00,000 രൂപ, കൂടാതെ ബജറ്റ് വിഹിതമായി 45,000 രൂപ എന്നിവ അനുവദിച്ചു. എന്നാൽ ഇത് കൃത്യസമയത്ത് ലഭ്യമാക്കുന്നതിൽ കൃഷിവകുപ്പിന്റെ ഡയറക്ടറേറ്റ് വേണ്ട രീതിയിൽ ശ്രദ്ധിച്ചില്ല എന്നത് വിമർശനാത്മകമാണ്.

## മേയേഴ്സ് ഫോറം

മേയേഴ്സ് പീസ് ഫൗണ്ടേഷൻ എന്ന അന്തർദേശീയതലത്തിൽ പ്രവർത്തിക്കുന്ന- സമാധാനത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള ഈ സംഘടന നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് നമ്മളും അതിൽ അംഗമായിട്ടുണ്ട്. അവർ പുറത്തിറക്കിയ സുവനീറിൽ സമാധാനസന്ദേശം അസോസിയേഷൻ പ്രസിഡന്റും നൽകിയിട്ടുണ്ട്.

## സർവ്വീസ് ഡെലിവറി പ്രോജക്ട്

വേൾഡ്ബാങ്കിന്റെ സഹായത്തോടെയുള്ള സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ ഭാഗമായി പെർഫോമൻസ് വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമേ

വരും വർഷങ്ങളിൽ പഞ്ചായത്തുകൾക്ക് വേൾഡ് ബാങ്കിന്റെ പണം ലഭിക്കൂ എന്നത് പഞ്ചാത്തുകളിൽ പലതരത്തിലുള്ള ആശങ്ക ഉളവാക്കി. ഈ സാഹചര്യത്തിൽ അസോസിയേഷൻ സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ, പ്രോജക്ട് കോഡിനേഷൻ യൂണിറ്റുമായി എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങളാണ് നടന്നത്.

- ഇതിന്റെ ഭാഗമായി വിലയിരുത്തുന്ന ഘടകങ്ങൾ പഞ്ചായത്തുകൾക്ക് നേരത്തേ നൽകുകയും വേണ്ട തയ്യാറെടുപ്പ് നടത്താൻ അവസരം നൽകുകയും ചെയ്തു.
- ഇത് സംബന്ധിച്ച് എല്ലാ ജില്ലയിലും പരിശീലനം സംഘടിപ്പിച്ചു.
- പരിശോധനയ്ക്ക് വന്നവർ കണ്ടെത്തിയ പല കാര്യങ്ങളും തിരുത്താൻ അവസരം നൽകി.
- വേണ്ട മാർക്ക് കിട്ടാത്ത പഞ്ചായത്തുകൾക്ക് പ്രത്യേകം ഹിയറിങ്ങ് നടത്തി - തിരുത്താൻ വീണ്ടും അവസരംനൽകി.
- വീണ്ടും അപ്പീൽ നൽകാൻ സംവിധാനം.

## അനുഭവം പങ്കുവയ്ക്കൽ ശിൽപശാല

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്തുകൾക്ക് അവർ ചെയ്യുന്ന മാതൃകാപ്രവർത്തനങ്ങൾ അവതരിപ്പിക്കാനും, ആശയങ്ങൾ പരസ്പരം കൈമാറാനും, വേണ്ട അംഗീകാരം നേടാനും അവസരങ്ങൾ ലഭിക്കാത്ത അവസ്ഥ ഉണ്ട് എന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിലാണ് ഇത്തരത്തിൽ ഒരു അനുഭവം പങ്ക്വക്കൽ ശിൽപ്പശാല നടത്താൻ അസോസിയേഷൻ തീരുമാനിച്ചത്. 2013 ജൂലൈ 30,31 തീയതികളിലായി തിരുവനന്തപുത്തെ പഞ്ചായത്ത് ഭവനിൽ വച്ചാണ് പ്രസ്തുത ശിൽപ്പശാല സംഘടിപ്പിച്ചത്. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ കാല കേരള വോളന്ററി ഫോറം (കെ.എസ്.എസ്.എസ്.) ശാന്തിഗ്രാം എന്നിവരുടെ കൂട്ടായ്മയിലാണ് ഈ പരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത ശിൽപ്പശാലയിൽ ജനപ്രതിനിധികൾ, എൻ.ജി.ഒ. അനുഭവങ്ങൾ പങ്ക്വച്ചു.

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി ശ്രീ.ജിന്നാസ് സ്വാഗതവും ബഹു.ഗ്രാമവികസന വകുപ്പ് മന്ത്രി ശ്രീ.കെ.സി. ജോസഫ് ഉത്ഘാടന കർമ്മവും നിർവ്വഹിച്ചു. കൂടാതെ ശിൽപ്പശാലക്ക് കെ.എസ്.എസ്.എഫിന്റെ എക്സി. ഡയറക്ടർ ഫാ. റൊമാൻസ് ആന്റണി, കാമൽ ചെയർമാൻ ജി. പ്ലാസിഡ് എന്നിവർ സംസാരിച്ചു. തുടർന്ന് ഓരോ സെക്ഷനുകളായി അവതരണം നടന്നു.

സെഷൻ ഒന്ന് – സെഷൻ ഒന്ന് സ്ത്രീകൾ, കുട്ടികൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ശാക്തീകരണം എന്നതായിരുന്നു വിഷയം. ഈ സെഷന്റെ കൺവീനർ മറിയാമ്മാ സാനുജോർജ്ജും, ചെയർമാൻ കെ.ജി.പി.എ. സെക്രട്ടറിമാരിൽ ഒരാളായ ശ്രീ.എം.നസീറും ആയിരുന്നു. ഈ സെഷൻ മോഡറേറ്റ് ചെയ്തത് സഖി വിമൺ റിസോഴ്സ് സെന്ററിലെ ശ്രീമതി. ഏലിയാമ്മാ വിജയൻ ആയിരുന്നു. ഈ സെഷനിൽ മാരാരിക്കുളം തെക്ക് പഞ്ചായത്തിന്റെ 'സ്ത്രീ സൗഹൃദയപഞ്ചായത്ത്' എന്നതിന്റെ അനുഭവം, കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 12 പഞ്ചായത്തുകളുമായി ചേർന്ന് സഖിവിമൺ റിസോഴ്സ് സെന്റർ പൂവാർ ഗ്രാമപഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ അനുഭവം എന്നീ അവതരണങ്ങളും അതുമായി ബന്ധപ്പെട്ട ചർച്ചകളുമാണ് നടന്നത്.

സെഷൻ രണ്ട്:– ഈ സെഷനിൽ കൃഷിയും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ചർച്ചകളാണ് നടന്നത്. ഈ സെക്ഷന് സ്വാഗതം അർപ്പിച്ചത് ശ്രീ.സുരേഷും ചെയർ ചെയ്തത് കെ.ജി.പി.എ. വൈസ് പ്രസിഡന്റുമാരിൽ ഒരാളായ അഡ്വ. പന്തളം പ്രതാപനും ആയിരുന്നു. ഈ സെക്ഷൻ മോഡറേറ്റ് ചെയ്തത് റവ.ഫാ. റൊമാൻസ് ആന്റണി ആയിരുന്നു.

വെങ്ങാനൂർ പഞ്ചായത്തിന്റെ കാർഷിക മേഖലയിലെ അനുഭവങ്ങൾ, മുത്തോലി ഗ്രാമപഞ്ചായത്തിന്റെ നാച്ചർ ഫ്രഷ് മിൽക്ക് എന്ന പരിപാടിയുടെ അനുഭവം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ കാർഷിക മേഖലയിലെ അനുഭവം, വയനാടിലെ ശ്രേയസ് എന്ന സംഘടന കാർഷിക മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളുടെ അനുഭവം, ജൈവ വൈവിധ്യസംരക്ഷണവും ഭക്ഷ്യസുരക്ഷയും എന്ന മേഖലയിൽ കെ.എസ്.എസ്.എഫ് ന്റെ പ്രവർത്താനുഭവങ്ങൾ, കരവാരം പഞ്ചായത്തിന്റെ 'കാർഷിക സമഗ്ര വികസനവും തരിശ്ശ് രഹിത പഞ്ചായത്തും" എന്ന പരിപാടിയുടെ ഭാഗമായുള്ള പ്രവർത്തനാനുഭവങ്ങൾ, മടികൈ ഗ്രാമപഞ്ചായത്തിന്റെ വാട്ടർഷെഡ് മാനേജ്മെന്റിലെ പ്രവർത്തനാനുഭവങ്ങൾ, കാസർകോഡ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന SEDS എന്ന സംഘടനയുടെ വാട്ടർ ഷെഡ് മേഖലയിലെ അനുഭവങ്ങൾ, വയനാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ആർഷഭാരത് എന്ന സംഘടനയുടെ വാട്ടർഷെഡ് മാനേജ്മെന്റിലെ പ്രവർത്തനാനുഭവങ്ങൾ എന്നിവയാണ് ഈ സെഷനിൽ അവതരിപ്പിക്കപ്പെട്ടത്. തുടർന്ന് വിശദമായ ചർച്ചകളും ഇതിന്റെ തുടർച്ചയായി നടന്നു.

സെഷൻ മൂന്ന് :– ഈ സെഷനിൽ പഞ്ചായത്തിന്റെ വികസനം വ്യത്യസ്ത സെക്ടറിലൂടെ എന്നതായിരുന്നു. ഈ സെഷൻ ചെയർ ചെയ്തത് കെ.ജി.പി.എ. വൈസ് പ്രസിഡന്റുമാരിൽ ഒരാളായ ശ്രീ.എൻ.പി. സ്നേഹകനായിരുന്നു. മോഡറേറ്റർ കാവലിന്റെ ചെയർമാനായ പ്ലാസിസ്സും ആയിരുന്നു. ഈ സെഷനിൽ വെങ്ങാനൂർ ഗ്രാമപ

ഞ്ചായത്ത്, മാവൂർ പഞ്ചായത്ത് എന്നിവരുടെ ബഡ്സ് സ്കൂൾ നടത്തിപ്പിന്റെ അനുഭവം, വെങ്ങാനൂർ പഞ്ചായത്തിന്റെ പഞ്ചായത്ത് ഡെവലപ്പ്മെന്റ് കൗൺസിലിന്റെ അനുഭവം, ചെറുവണ്ണൂർ, മടിക്കൈ, കരവാരം എന്നീ പഞ്ചായത്തുകൾ വിദ്യാഭ്യാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളുടെ അനുഭവം, സെർച്ച് എന്ന സംഘടനയുടെ സഹായത്തോടെ  നടത്തി നാടൻ കലാമേളയുടെ അനുഭവം, കിഡ്സ് എന്ന സംഘടനയുടെ തഴപ്പായ നിർമ്മാണ മേഖലയിലെ പ്രവർത്തനാനുഭവങ്ങൾ ഈ സെഷനിൽ അവതരിപ്പിക്കുകയും , ചർച്ചകൾ നടക്കുകയും ചെയ്തു.

സെഷൻ നാല്: – രണ്ടാം ദിവസം രാവിലെ ഈ സെഷനിൽ "ആരോഗ്യം, ശുചിത്വം, കുടിവെള്ളം" എന്നീ വിഷയങ്ങളിലെ അവതരണങ്ങളും ചർച്ചകളുമാണ് നടന്നത്. ഈ സെഷനിൽ ജി.എസ്. ശാന്തമ്മ സ്വാഗതവും കെ.ജി.പി.എ. സെക്രട്ടറിമാരിൽ ഒരാളായ കെ.കെ.ജിന്നാസ് ചെയറും ചെയ്ത സെഷനിൽ ശുചിത്വമിഷൻ ഡയറക്ടർ ഡോ.ദിലീപ് ഉത്ഘാടനം നടത്തി. ഈ സെഷന്റെ മോഡറേറ്റർ ഡോ. പി.കെ. ജയാസ് ആയിരുന്നു. രോഗവിമുക്ത പഞ്ചായത്ത് എന്ന വിഷയത്തെക്കുറിച്ച് പത്തായം നാചറൽ ഹെൽത്ത്ഫുഡ് റസ്റ്റോറന്റ് ഡയറക്ടറായ ഡോ.സി.വി. ഗംഗാധരൻ, സുരക്ഷിതമായ കുടിവെള്ളം – ചുനക്കര ഗ്രാമപഞ്ചായത്തിന്റെ ഈ മേഖലയിലെ പ്രവർത്തനാനുഭവം പ്ലാസ്റ്റിക് സംസ്ക്കരണത്തിൽ ചെറുവണ്ണൂർ, ചെമ്പിലോട് പഞ്ചായത്തുകളുടെ അനുഭവങ്ങൾ, അഴിയൂർ ഗ്രാമപഞ്ചായത്തിന്റെ ശുചിത്വരംഗത്തെ പ്രവർത്തനാനുഭവങ്ങൾ, 100% ഇമ്മ്യൂണൈസേഷന്റെ അനുഭവങ്ങൾ തിരുവാലി പഞ്ചായത്ത്, മാവൂർ, സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തുകളുടെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ. രംഗത്തെ അനുഭവങ്ങൾ, ഹോളിസ്റ്റിക് ഹെൽത്ത് ആന്റ് ആൾട്ടർനേറ്റീവ് തെറാപ്പീസ് സംബന്ധിച്ച് സമഗ്ര എന്ന സംഘടനയുടെ അനുഭവങ്ങൾ എന്നിവ ഈ സെഷനിൽ അവതരിപ്പിച്ച് ചർച്ചക്ക് വിധേയമായി.

സെഷൻ അഞ്ച്:– ഈ സെഷന്റെ സ്വാഗതം പി.എം.ദേവും ചെയർ കെ.ജി.പി.എ. സെക്രട്ടറിമാരിൽ ഒരാളായ സി.പി.റസാക്കും മോഡറേറ്റർ അസോസിയേഷൻ പ്രസിഡന്റ് പി.റ്റി മാത്യുവും ആയിരുന്നു. "ശാസ്ത്രസാങ്കേതികവും സുസ്ഥിരവികസനവും" എന്ന ഈ സെക്ഷനിൽ 'അനുയോജ്യമായ സാങ്കേതിക വിദ്യകളും തൊഴിൽ സൃഷ്ടിക്കലും' എന്ന വിഷയ മിത്രാനികേതന്റെയും, 'വേസ്റ്റ് മാനേജ്മെന്റിന്റെ സാങ്കേതിക വിദ്യകൾ' എന്ന വിഷയത്തിൽ ഡോ. ദിലീപ് കുമാറിന്റെയും, 'ജല പുനർജീവന സാങ്കേതിക വിദ്യകൾ' എന്ന വിഷയത്തിൽ സി സി ഡി യു ഡയറക്ടർ സുഭാഷ് ചന്ദ്ര ബോസിന്റെയും , 'ചക്കയും പ്രാദേശിക ഭക്ഷ്യസുരക്ഷയും' എന്ന വിഷയത്തിൽ ശ്രീ. എൽ.പങ്കജാക്ഷന്റെയും  അവതരണങ്ങൾ  ഉണ്ടായിരുന്നു.

ഉച്ചക്ക് ശേഷം ഈ രണ്ട് ദിവസത്തെ ശിൽപ്പശാലയുടെ സമാപനമായിരുന്നു. ഇതിന്റെ സ്വാഗതം അഡ്വ. പന്തളം പ്രതാപൻ നിർവ്വഹിച്ചു, അദ്ധ്യക്ഷൻ അസോസിയേഷൻ പ്രസിഡന്റും, സമാപന സമ്മേളനത്തിന്റെ ഉത്ഘാടനം ബഹു.പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ നിർവ്വഹിച്ചു. കൂടാതെ ഈ സെഷന്റെ മുഖ്യ അതിഥി മിത്രാനികേതൻ ഡയറക്ടറായ പത്മശ്രീ. കെ. വിശ്വനാഥന് ആയിരുന്നു. ഇനി എങ്ങിനെ മുന്നോട്ട് പോകാം എന്ന വിഷയം അവതരിപ്പിച്ച് നന്ദി അർപ്പിച്ച് ദ്വിദിന ക്യാമ്പ് അവസാനിച്ചു.

**ഈ ക്യാമ്പിന്റെ മുന്നൊരുക്കങ്ങൾ**

ഈ ക്യാമ്പിന്റെ നടത്തിപ്പിന് ഏറെ വലിയ ഒരു മുന്നൊരുക്കപ്രവർത്തനമാണ് നടത്തിയത്. അവ ചുവടെ കൊടുക്കുന്നു.

1. ഒരു നടത്തിപ്പ് കമ്മറ്റിക്ക് രൂപം നൽകി.
2. എല്ലാ പഞ്ചായത്തുകളിലേക്കും, സംഘടനകളിലേക്കും കത്ത് അയച്ചു (ആദ്യം അപേക്ഷിക്കുന്ന 50 പേരയെ ഉൾപ്പെടുത്തൂ എന്ന് നിശ്ചയിച്ച് അറിയിച്ചിരുന്നു)
3. പ്രതികരിച്ച പഞ്ചായത്തുകൾക്ക്, സംഘടനകൾക്ക് എങ്ങിനെ കുറിപ്പ് തയ്യാറാക്കണം, എങ്ങിനെ അവതരിപ്പിക്കണം, ഇവ എത്രാം തീയതിക്ക് മുന്നെ അസോസിയേഷനിൽ എത്തിക്കണം എന്നീ കാര്യങ്ങൾ കാണിച്ച് കത്ത് അയച്ചു.
4. വന്ന അവതരണങ്ങൾ പരിശോധിച്ചു.
5. താമസം സജ്ജീകരിച്ചു.
6. സെഷനുകൾ മോഡറേറ്റ് ചെയ്യേണ്ടവർ, ചെയർ ചെയ്യേണ്ടവർ എന്നിവരെ കണ്ടെത്തി.
7. പങ്കെടുക്കേണ്ട എല്ലാവർക്കും കൺഫർമേഷൻ നല്കി.
8. പത്രപരസ്സ്യം നൽകി.
9. പത്രസമ്മേളനം നടത്തി.

**ക്യാമ്പിന്റെ ഭാഗമായി ആസൂത്രണം ചെയ്ത തുടർ പ്രവർത്തനങ്ങൾ**

1. ഇതിന്റെ തുടർച്ചയായി വ്യത്യസ്ത വിഷയങ്ങൾ വച്ച് കേരളത്തിന്റെ നാല് ഭാഗത്തായി നാല് സംസ്ഥാന തല അനുഭവം പങ്കുവക്കൽ ശിൽപ്പശാല നടത്തണം.
2. അവതരണങ്ങളുടെ കുറിപ്പ് ശേഖരിച്ച് പുസ്തകമാക്കി പ്രസിദ്ധീകരിക്കണം.

3. ചില മോഡലുകൾ കോഴ്സായി നടത്തണം.

4. ചില അനുഭവങ്ങൾ കൂടുതൽ പഞ്ചായത്തുകളിലക്ക് വ്യാപിപ്പിക്കണം.

5. പഞ്ചായത്തുകൾക്ക് പരസ്പരവു, പഞ്ചായത്തുകളും സംഘടനകളും ചേർന്ന് ചില കൂട്ടിയ പ്രവർത്തനങ്ങൾ നടത്തണം. ഇതിൽ നടന്നതും നടക്കാത്തതു മായ കാര്യങ്ങൾ.

അനുഭവക്കുറിപ്പ് ശേഖരിച്ച് പുസ്തകമാക്കാൻ കഴിഞ്ഞില്ല - കാരണം വെങ്ങാനൂർ പഞ്ചായത്ത് മാത്രമാണ് അനുഭവകുറിപ്പ് കൃത്യമായി തന്നത്. കോഴ്സ് പ്രഖ്യാപിക്കുന്നതിന് മാരാരിക്കുളം തെക്ക്, തിരുവാലി, ചെമ്പിലോട് എന്നീ തീരുമാനമെടുക്കാനായി അവർക്ക് കത്ത് അയച്ചു. ഇതുവരെയും പ്രതികരണമുണ്ടായില്ല - ഉടൻ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ....... പരിശീലനം ആരംഭിച്ചു. ഏപ്രിൽ മാസത്തിൽ രണ്ടാമത്തെ അനുഭവം പങ്ക്വെക്കൽ ശിൽപ്പശാല നടത്താൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. അത് കണ്ണൂരിൽ നടത്താനാണ് കമ്മറ്റി തീരുമാനിച്ചത്.

## അഡോളസന്റ് പരിശീലനം

കേരളത്തിൽ ആൺകുട്ടികളും പെൺകുട്ടികളും അനുഭവിക്കുന്ന മാനസ്സികവും ശാരീരികവുമായ പ്രശ്നങ്ങൾ നല്ല ഒരളവുവരെ കുറയ്ക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പഞ്ചായത്തുകൾക്ക് കഴിയും. അതിന് ഉദാഹരണമെന്നോണം 12 പഞ്ചായത്തുകളും, സഖി വിമൺ റിസോഴ്സ് സെന്ററും ചേർന്ന് അഡോളസന്റ് പരിശീലനം നടത്തിയ അനുഭവം വെളിവാക്കുന്നു. അസോസിയേഷൻ നടത്തിയ അനുഭവം പങ്കുവയ്ക്കൽ ശിൽപ്പശാലയുടെ തുടർപ്രവർത്തനമെന്നോണം തെരഞ്ഞെടുത്ത 50 പഞ്ചായത്തുകളിൽ ഇത് ഒരു മാതൃകയായി നടത്താൻ അസോസിയേഷൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ:-

1. ഈ വിവരം കാണിച്ച് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും കത്ത് അയച്ചു.

2. 17 പഞ്ചായത്തുകൾ മാത്രമാണ് പ്രതികരിച്ചത്.

3. 17 പഞ്ചായത്തിലെ പ്രസിഡന്റുമാർ, ICDS സൂപ്പർ വൈസർമാർ, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൺസ് എന്നിവരുടെ ഏകദിന ശിൽപ്പശാല നടത്തി. ഇതിൽ 37 പേർ പങ്കെടുത്തു. അസോസിയേഷൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജിന്നാസ്, സി.കെ. റസാക്ക്, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ

കല്ലടി അബൂബക്കർ എന്നിവർ പങ്കെടുത്തു. സഖി വിമൺ റിസോഴ്സ് സെന്റ റിൽ നിന്നും വന്ന വിദഗ്ദ്ധർ വിഷയം അവതരിപ്പിച്ചു. തുടർപരിപാടി ആസൂത്രണം ചെയ്ത് യോഗം അവസാനിച്ചു.

4. ഇതിൽ തെരഞ്ഞെടുത്ത, മാള ഗ്രാമപഞ്ചായത്തിൽ തുടർപ്രവർത്തനങ്ങൾ ആരംഭിച്ചു. ഓരോ പഞ്ചായത്തും ഇതിന്റെ ഭാഗമായി 10 വനിതകളുടെ ടീമിന് രൂപംനൽകാനായി പഞ്ചായത്തുകളിലേക്ക് കത്ത് അയച്ചു.

5. ഓരോ പഞ്ചായത്തിലും തെരഞ്ഞെടുത്ത 10 പേർ വീതമുള്ള ടീമിന് മൂന്ന് റീജണായി പരിശീലനം നൽകാനായി ആവശ്യമായ മോഡ്യൂൾ തയ്യാറാക്കിക്കഴിഞ്ഞു.

## ഫെയിസ് ബുക്കും, വെബ്സൈറ്റും

അസിസോയേഷന് കൃത്യമായി മെയിന്റയിൻ ചെയ്യുന്ന ഒരു വെബ്സൈറ്റും, ഒരു ഫെയിസ് ബുക്കും ഉണ്ട്. എല്ലാവരും ഇത് സന്ദർശിക്കാനുള്ള താൽപ്പര്യം കാണിക്കണം. കൂടാതെ കൃത്യമായി മികച്ച പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ അയച്ചു തരാനുള്ള സംവിധാനവും ഉണ്ടാക്കണം.

ഫെയിസ് ബുക്കിന്റെ പേര് : Panchayath Association

വെബ്സൈറ്റ് : www.keralagpassociation.org

## കുട്ടി അഹമ്മദ്കുട്ടി കമ്മിറ്റി

പഞ്ചായത്തുകളുടെ അധികാരം ഉത്തരവാദിത്വം, വിഭവസമാഹരണ സാധ്യത എന്നിവ ഉയർത്തുന്നതിന് വേണ്ട പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ. മുൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ. കുട്ടി അഹമ്മദ്കുട്ടി അദ്ധ്യക്ഷനായുള്ള ഒരു ഭരണപരിഷ്ക്കാര കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ കമ്മറ്റിക്ക് ഗ്രാമപഞ്ചായത്തുകളുടെ നിർദ്ദേശങ്ങൾ ശേഖരിച്ച് നൽകന്നതിന് ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

- എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ചക്കുള്ള കരട് രേഖ തയ്യാറാക്കുന്നതിനായി ഒരു സബ് കമ്മറ്റിക്ക് രൂപം നൽകി.
- ഒരു കരട് രേഖ തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾക്ക് ചർച്ചയ്ക്കായി നൽകി.

## പുതിയ ഹൗസിങ് സ്കീം

കേരളത്തിൽ ഇ.എം.എസ്. ഭവനപദ്ധതി നിർത്തലാക്കിയ കാലം മുതൽ രാഷ്ട്രീയ ഭേദമന്യേ എല്ലാ പഞ്ചായത്തുകളും പുതിയ ഒരു പദ്ധതി വേണം എന്ന് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അസോസിയേഷൻ പല തരത്തിലുള്ള അന്വേഷണവും ചർച്ചയും നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ഒടുവിലായി സംസ്ഥാന ഭവനനിർമാണബോർഡുമായി 30/04/2014 ന് അസോസിയേഷൻ ഭാരവാഹികൾ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പുതിയ ഭവനപദ്ധതിക്ക് രൂപംനൽകാനും, അത് സർക്കാരുമായി ചർച്ചചെയ്ത് മുന്നോട്ടുപോകുന്നതിനും തീരുമാനിച്ചു.

## പട്ടികജാതി വികസനം

പട്ടികജാതി വികസനത്തിന് ചില മാതൃകകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി അധ്വാന എന്ന സംഘടനയുമായി ചേർന്ന് അരുവിക്കര, വിതുര, കഠിനംകുളം, മാറനല്ലൂർ എന്നിങ്ങനെ നാല് പഞ്ചായത്തുകൾ എടുത്ത് ചില പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. കോളനികളിൽ അവരുടെ കമ്മറ്റികൾക്ക് രൂപം നൽകി.
2. കോളനിതല പരിശീലനങ്ങൾ നടത്തി.
3. ചില തൊഴിൽ കോഴ്സ്സുകൾ നടത്തി.
4. ചില തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട സഹായം നൽകി.
5. ലീഡേഴ്സിന് രണ്ട് പ്രാവശ്യം പരിശീലനം നടത്തി.
6. വിവിധ സക്കീം, അവരുടെ അവകാശങ്ങൾ എന്നിവ ബോദ്ധ്യപ്പെടുത്താനുള്ള പരിശീലനങ്ങൾ നടന്നു.
7. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
8. ദളിത് അനുകൂല നിയമങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തൽ.

## സമഗ്രവികസനം

സമഗ്രവികസനം, സാധ്യമാക്കുന്നതിനുള്ള ഒരു മാതൃക സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിലെ വെള്ളമൂണ്ട, മീനങ്ങാടി, ഇടവക, കണിയാംപറ്റ എന്നീ

പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ പല കാരണങ്ങളാൽ വെള്ള മൂങ്ങയിൽ തുടങ്ങാൻ കഴിഞ്ഞില്ല. ഇടവകയിൽ വേണ്ടത്ര വേഗത വന്നില്ലെങ്കിലും പ്രവർത്തനങ്ങൾ നടന്ന് വരുന്നു. എന്നാൽ ഒട്ടേറെ പ്രവർത്തനങ്ങളുമായി മുന്നിലേക്ക് പോയത് മീനങ്ങാടി ഗ്രാമപഞ്ചായത്താണ്. ഇവിടെ ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു:-

- ഏകദിന ആസൂത്രണ ഗ്രാമസഭകൾ. ഇതിന് മുന്നോടിയായി സ്പെഷ്യൽ ഗ്രാമസഭകൾ.
- സമ്പൂർണ്ണ ശുചിത്വത്തിനായി "ഹൈജിയ" എന്ന പരിപാടി - ഇതിനായി 25 വീടുകളുടെ ഗ്രൂപ്പിനും രൂപം നൽകിയിട്ടുണ്ട്.
- അയൽസഭകളുടെ രൂപീകരണവും അധികാരവികേന്ദ്രീകരണവും
- പട്ടികജാതി സമഗ്രവികസനത്തിനായി ഒരു കോളനിയിൽ തുടങ്ങിയ പരിപാടി 2 കോളനികളിലേക്കുകൂടി വ്യാപിപ്പിച്ചു. ട്രൈഡ്സ് എന്ന പേരിലാണ് ഈ പരിപാടി അറിയപ്പെടുന്നത്.
- ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ പ്രവർത്തനമാരംഭിച്ചു.
- പങ്കാളിത്ത ബജറ്റ്
- ടച്ച് സ്ക്രീൻ അടക്കമുള്ള ഓഫീസ് മാനേജ്മെന്റ് ആന്റ് ഓഫീസ് നെറ്റ്വർക്കിങ്ങ് സംവിധാനം.
- എസ്.എം.എസ്. വഴി കമ്മ്യൂണിക്കേഷൻ.
- ഡിജിറ്റൽ വാർത്താ ബോർഡ് സംവിധാനം.
- കാർഷിക കർമ്മസേന
- മോഡൽ അങ്കൺവാടികൾ.
- സ്ത്രീ സൗഹൃദ പഞ്ചായത്ത്.
- "മുകുളങ്ങൾ" എന്ന പേരിലുള്ള കുട്ടിക്കൂട്ടം അയൽസഭ മുതൽ പഞ്ചായത്ത് തലംവരെ. അവർക്ക് കൃത്യമായ പ്രവർത്തനപരിപാടികൾ.
- അയൽക്കൂട്ടം മുതൽ പഞ്ചായത്ത് തലം വരെയുള്ള വയോജന ക്ലബ്ബുകൾ. അവർക്ക് പ്രത്യേകം മാർഗരേഖ.

- ഇടവക ഗ്രാമപഞ്ചായത്തിൽ:- കാർഷിക കർമ്മസേനയുടെ പ്രവർത്തനം, സ്പെഷ്യൽ ഗ്രാമസഭകൾ, അയൽസഭ രൂപീകരണ പ്രവർത്തന മുന്നൊരുക്കങ്ങൾ, ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ, കിഴങ്ങുവർഗ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ആരംഭിച്ചു; ചിലത് നടന്നുവരുന്നു.

ഇത്തരത്തിൽ നീളുന്ന പ്രവർത്തനങ്ങൾക്ക് രണ്ടു പഞ്ചായത്തുകൾക്കും വേണ്ട അക്കാഡമിക് പിൻതുണ നൽകുന്നത് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനാണ്.

**അയൽസഭ**

കേരളത്തിൽ പഞ്ചായത്തുകൾ 9,10,11 പദ്ധതി കാലയളവുകളിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിയിരുന്നു എങ്കിലും നിയമത്തിന്റെ പിൻബലമില്ലാത്തതിനാൽ അത് നിലനിർത്താനായില്ല. എന്നാൽ ഇന്ന് അയൽസഭ എന്ന പേരിൽ 12-ാം പദ്ധതിയുടെ ഗൈഡ് ലൈനിൽ വന്നതോടെ അയൽസഭയ്ക്ക് വേണ്ട നിയമപിൻതുണ ലഭിച്ചു. എങ്ങനെയാണ് അയൽസഭ രൂപീകരിക്കേണ്ടത് പ്രവർത്തിക്കേണ്ടത് എന്ന് പഞ്ചായത്തുകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അസോസിയേഷൻ ഒരു കൈപ്പുസ്തകത്തിന് രൂപം നൽകിയിട്ടുണ്ട്. ഈ കൈപ്പുസ്തകം വായിച്ച് അഭിപ്രായം പറയാനും വേണ്ട തിരുത്തൽ നിർദ്ദേശിക്കാനും ഒരു അവതാരിക തയ്യാറാക്കിത്തരാനുമായി പ്രശസ്ത സാമ്പത്തികശാസ്ത്രജ്ഞൻ ഡോ. എം.എ. ഉമ്മന് നൽകി. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഒരു അവതാരിക തയ്യാറാക്കിത്തന്നു. അയൽസഭ രൂപീകരിക്കുന്നതിന് വേണ്ട സഹായം ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം ജില്ലയിൽ നിന്നും 18 പഞ്ചായത്തുകളും, തൃശൂർ ജില്ലയിൽ നിന്ന് 5 പഞ്ചായത്തുകളും പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ചചെയ്ത് തീരുമാനമെടുത്തു തന്നിട്ടുണ്ട്.

## സ്ത്രീസൗഹൃദ പഞ്ചായത്തുകൾ

സ്ത്രീകളും പെൺകുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ പങ്ക്, ഉത്തരവാദിത്വം എന്നിവ ദേശീയതലത്തിൽ ചർച്ചചെയ്യപ്പെടുന്ന കാലമാണിത്. ഇത്തരത്തിലുള്ള പ്രവർത്തനത്തിന് മുൻകൈയെടുക്കാൻ താൽപ്പര്യം കാണിച്ചു പഞ്ചായത്തുകളെ വേണ്ടവിധത്തിൽ അക്കാഡമിക് പിൻതുണ നൽകി മറ്റ് പഞ്ചായത്തുകൾക്ക് അനുകരണീയമായ മാതൃകയിലേക്ക് ഉയർത്തുകയാണ് ഇത് വഴി ലക്ഷ്യം വക്കുന്നത്. ഈ പ്രവർത്തനങ്ങൾക്കായി സഖി വിമൺ റിസോഴ്സ് സെന്റർ, IMG എന്നിവരുമായി ചേർന്നാണ് നമ്മൾ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

- സ്ത്രീ സൗഹൃദ പഞ്ചായത്ത് എന്ന നിലയിൽ മാതൃകാപരമായ പ്രവർത്തനവുമായി വളരെ മുന്നിലേക്ക് പോയത് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്താണ്.
- കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്ത് ക്രൈം മാപ്പിങ്ങ് അടക്കമുള്ള പ്രവർത്തനങ്ങൾ പൂർത്തിയാകാറായി.
- തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളായ ഇലകമൺ, ഇടവ, വെട്ടൂർ, കോഴിക്കോട് ജില്ലയിലെ മൂടാടി എന്നീ പഞ്ചായത്തുകൾ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ഇലകമൺ, ഇടവ, വെട്ടൂർ എന്നീ പഞ്ചായത്തുകളിലെ പ്രവർത്തനങ്ങൾക്കായി ഒരു പ്രവർത്തന മാർഗരേഖ തയ്യാറാക്കി.

## ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ

- കേരളഗ്രാമപഞ്ചായത്ത് അസോസിയേഷനിൽ നിലവിലുള്ള റൂമുകൾ പരിഷ്കരിച്ചു.
- വാടക പുതുക്കി നിശ്ചയിച്ചു - റൂമിൽ ഒരാൾക്കാണെങ്കിൽ 200 രൂപയും രണ്ട് പേർക്കാണെങ്കിൽ 300 രൂപയും, ടോർമട്രിയിൽ ഒരു ബസ്സിന് 100 രൂപ എന്ന കണക്കിനാണ് നിശ്ചയിച്ചത്.
- അക്കൗണ്ടന്റിന് ഇരിക്കുന്നതിനും, ഫോട്ടോ കോപ്പിയർ തുടങ്ങിയവ സൂക്ഷിക്കുന്നതിനുമായി രണ്ട് ക്യാബിനുകൾ എക്സിക്യൂട്ടീവ് കമ്മറ്റി നേരിട്ട് പണികഴിപ്പിക്കുകയുണ്ടായി. കൂടാതെ മിനി കോൺഫറൻസ് ഹാളിൽ ഏ.സി. സ്ഥാപിക്കുകയും ചെയ്തു. മെയിൻ ഹാളിൽ കേടുവന്ന പാനലുകൾ മാറ്റിസ്ഥാപിച്ചു.
- താമസസൗകര്യം കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 10 റൂമുകൾ കൂടി പണികഴിപ്പിക്കുന്നതിനും, ഡൈനിംഗ് ഹാളിന്റെ തറ ടെയിൽ പതിപ്പിക്കുന്നതിനും വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന്റെ പെർമ്മിസീസ് സാങ്ഷന് വിടാനായി കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

## പുതിയ തസ്തികയും നിയമനങ്ങളും

- നിലവിൽ: - ചീഫ് എക്സിക്യൂട്ടീവ് കോഡിനേറ്റർ, മാനേജർ, ഓഫീസ് സെക്രട്ടറി, ഓഫീസ് അസിസ്റ്റന്റ്, സെക്യൂരിറ്റി ഇൻചാർജ്, ക്ലീനിങ്ങ് ഇൻചാർജ്, സ്വീപ്പർ എന്നീ തസ്തികകളാണ് ഉള്ളത്. ഇതോടൊപ്പം അക്കൗണ്ടന്റ്, ടെക്നിക്കൽ അസിസ്റ്റന്റ്, എന്നീ രണ്ട് പോസ്റ്റുകൾ കൂടി ക്രിയേറ്റ് ചെയ്തു.

- ഈ ഓഫീസിൽ ഒരു സെക്യൂരിറ്റിയുടെ പ്രത്യേക തസ്തിക ആവശ്യമില്ലാത്ത തിനാൽ സെക്യൂരിറ്റി ഇൻചാർജ് ആയി കഴിഞ്ഞ് 18 വർഷമായി ജോലി നോക്കുന്ന ബാബുവിനെ ഓഫീസ് അസിസ്റ്റന്റായി പ്രമോട്ട് ചെയ്യാൻ തീരുമാനിച്ചു. ഇല ക്ട്രിക്ക് ഇലക്ട്രോണിക്, പ്ലബിങ്ങ് എന്നീ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള ജയധ രൻ എന്ന ജീവനക്കാരൻ കഴിഞ്ഞ 26 വർഷമായി പ്യൂണായും ഓഫീസ് അസി സ്റ്റന്റായും ജോലി നോക്കുന്നു. ടി ജീവനക്കാരനെ ടെക്നിക്കൽ അസിസ്റ്റന്റായി നിയമിക്കാൻ തീരുമാനിച്ചു.
- പുതുതായി സൃഷ്ടിച്ച അക്കൗണ്ടന്റ് പോസ്റ്റിലേക്ക് അക്കൗണ്ടിംഗ് പഠിച്ച, ബീക്കോമും ടാലിയും അറിയാവുന്ന സൂര്യ ജെ.യെ താൽക്കാലികമായി എക്സി ക്യൂട്ടീവ് കമ്മറ്റി നിയമിച്ചു.
- ക്ലീനിങ്ങിന് കൂടുതൽ ആളുകൾ വേണം എന്നതിനാൽ ഷജിലിനെ സ്വീപ്പറായി താൽക്കാലികമായി നിയമിച്ചു.
- ഓഫീസ് സെക്രട്ടറി ആയിരുന്ന ഡി. ദിനേശൻ ഗുരുതരമായ കൃത്യവിലോപം കാണിച്ചതായി കമ്മറ്റിക്ക് ബോധ്യപ്പെട്ടതിനാൽ ടിയാന് മെമ്മോ നൽകി, മറു പടി കിട്ടാത്തതിനാൽ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു.

## കുടുംബസഹായനിധി

എറണാകുളം ജില്ലയിലെ ശ്രീമൂലനഗരം പഞ്ചായത്തിലെ പ്രസിഡന്റായ കെ.എച്ച്. ഹംസ, അംഗമായ ബിജു അറയ്ക്കൽ എന്നിവർ ഒരു ആക്സിഡന്റിൽ മര ണപ്പെട്ടു. നിർദ്ധന കുടുംബത്തിലുള്ള ഇവരെ സഹായിക്കുന്നതിനായി ഒരു കുടുംബ സഹായ നിധി രൂപീകരിക്കാൻ അസോസിയേഷൻ തീരുമാനിക്കുകയും പഞ്ചായത്തു കൾക്ക് അതിലേക്ക് തുക നിക്ഷേപിക്കാൻ സർക്കാർ ഉത്തരവ് ലഭ്യമാക്കുകയും ചെയ്തു. എറണാകുളം ജില്ലയിലെ പഞ്ചായത്തുകൾ 10,000 രൂപ വീതവും മറ്റ് ജില്ലകളിലെ പഞ്ചാ യത്തുകൾ 2000 രൂപ വീതവും എന്നാണ് നിശ്ചയിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ 13,24,000 രൂപയാണ് ശേഖരിച്ചത്. ഇതിലേക്ക് പണം അടക്കുന്നതിൽ പഞ്ചാ യത്തുകൾ ഇത്രയും വൈകിയതും, ഇനിയും അടയ്ക്കാനുള്ള പഞ്ചായത്തുകൾ ഉണ്ട് എന്നതും വിമർശനാത്മകമാണ്.

2014 ജനുവരി .19, 20, 21 തീയതികളിൽ നടന്ന അന്താരാഷ്ട്ര സെമിനാറിൽ പങ്കെടുത്തിരുന്ന തിരുവനന്തപുരം ജില്ലയിലെ പുല്ലംപാറ ഗ്രാമപഞ്ചായത്ത് പ്രസി

ഡന്റായ ശ്രീ. ചുള്ളാളം രാജനെ സെമിനാറിന്റെ രണ്ടാം ദിനം രാവിലെ ഒരു ആക്സിഡന്റിൽപ്പെട്ട് ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സയ്ക്കുപോലും നിവൃത്തിയില്ലാത്ത സാഹചര്യമായതിനാൽ അടിയന്തിരമായി അസോസിയേഷൻ, ആശുപത്രിയിലായ അന്ന് 10,000 രൂപയും, ഫെബ്രുവരി 25 ന് ഡിസ്ചാർജ്ജ് ചെയ്തപ്പോൾ 10,000 രൂപയും അടക്കം 20,000 രൂപ നൽകി. കൂടാതെ ഇതുവരെയുള്ള ചികിത്സയ്ക്കും, തുടർന്നുള്ള ചികിത്സയ്ക്കുമായി സർക്കാരിൽ നിന്നും ധനസഹായം അനുവദിക്കണം എന്ന് രേഖാമൂലം ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ സഹായിക്കാനായി സർക്കാർ തീരുമാനിക്കുകയും ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## പഠനയാത്ര

കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റിഅംഗങ്ങൾ, ജില്ല പ്രസിഡന്റ് സെക്രട്ടറിമാർ എന്നിവർക്ക് അന്യസംസ്ഥാനങ്ങളിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങൾ കാണുന്നതിനും പഠിക്കുന്നതിനുമുള്ള യാത്രകളുടെ ഭാഗമായി നടന്ന ആദ്യയാത്ര ശ്രീപെരുമ്പത്തൂരിലേക്കായിരുന്നു. 30 പേരാണ് ഈ യാത്രയിൽ ഉണ്ടായിരുന്നത്.

## വികസനഗൈഡ് രണ്ടാം വോളിയം.

നമ്മൾ വികസനഗൈഡ് ഒന്നാം വോളിയം ഇറക്കിയത് വളരെ വിജയകരമായിരുന്നു. ഈ പുസ്തകം 200 രൂപവച്ച് വിറ്റഴിക്കാൻ നമുക്കു കഴിഞ്ഞു. ഇതിന്റെ രണ്ടാം വോളിയം കൃഷിയും അനുബന്ധമേഖലയും മാത്രം ഉൾപ്പെടുത്തിക്കൊണ്ട് ഇറക്കുന്നതിനാണ് ആലോചിക്കുന്നത്. അതിനായി എക്സ്പേർട്ടുകളുടെ ആദ്യയോഗം കഴിഞ്ഞു.

## വനിതാവികസനം

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനും സംയുക്തമായി ഭരണപങ്കാളിത്തവും വനിതാവികസനവും എന്ന വിഷയത്തിൽ 5 ദിവസത്തെ ശിൽപശാല 2014 ഫെബ്രുവരി 17, 18, 19, 20, 21 തീയതികളിലായി കോട്ടയത്തെ റിട്രീവ് സെന്റർ ഹാളിൽ വച്ച് സംഘടിപ്പിച്ചു.

സ്ത്രീകളുടെ ഭരണപങ്കാളിത്തം, വനിതാ ഘടകപദ്ധതി, ജാഗ്രതാസമിതി പ്രവർത്തനങ്ങൾ തുടങ്ങി വനിതകളും പെൺകുട്ടികളുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ എല്ലാ പ്രവർത്തനങ്ങളും ശിൽപശാലയിലെ പ്രധാന ചർച്ചാവിഷയങ്ങളായിരുന്നു. ശിൽപശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ശിൽപശാല സംഘടിപ്പിച്ചത്. പഞ്ചായത്ത് ദിനാഘോഷം നടക്കുന്ന സന്ദർഭമായതിനാൽ പങ്കാളിത്തം വളരെ കുറവായിരുന്നു. എന്നാൽ വളരെ നല്ല ചർച്ചയും അവതരണങ്ങളും ഇതിന്റെ ഭാഗമായി നടന്നു. ഇതിന്റെ മുന്നോടിയായി നടന്ന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു:

- ഈ സെന്ററിലെ ഫാക്കൽറ്റികളുമായി ഇരുന്ന് ചർച്ചചെയ്ത് അഞ്ചുദിവസത്തെ ശിൽപശാലയുടെ രീതിശാസ്ത്രം, പ്രക്രിയ എന്നിവ തയ്യാറാക്കി.
- പഞ്ചായത്തുകളെ കൃത്യമായ മാനദണ്ഡം അനുസരിച്ച് തെരഞ്ഞെടുത്തു.
- കത്തും, അവർ ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ചും വിവരം നൽകി.
- കുറഞ്ഞത് അഞ്ചുപ്രാവശ്യമെങ്കിലും പങ്കെടുക്കേണ്ടവരുമായി ആശയവിനിമയം നടത്തി. എന്നിട്ടും ഒരറിയിപ്പും കൂടാതെയാണ് പലരും വരാതിരുന്നത്. അത് തികച്ചും വിമർശനാത്മകമാണ്.

## ശുചിത്വമിഷനും അസോസിയേഷനും

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യുവും ശുചിത്വമിഷൻ ഡയറക്ടർ ഡോ. ദിലീപ് കുമാറും 2013 ഡിസംബർ 19 ന് അസോസിയേഷൻ ഓഫീസിൽ വച്ച് കൂടിക്കാഴ്ച നടത്തുകയുണ്ടായി. 2013 ഡിസംബർ 7 ന് കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം അനുസരിച്ച് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ശുചിത്വമേഖലയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായിരുന്നു പ്രസ്തുത കൂടിക്കാഴ്ച.

ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ചും തുടർന്ന് ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ഒരു ഏകദിനശിൽപശാല സംഘടിപ്പിക്കാൻ തീരുമാനിച്ചു.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും ശുചിത്വമിഷനും ചേർന്ന് 2014 ജനുവരി 4 ന് തിരുവനന്തപുരം വെള്ളയമ്പലം പഞ്ചായത്ത് ഭവനിൽ വച്ച് പഞ്ചായത്തുകളിലെ ശുചിത്വപരിപാലനത്തെക്കുറിച്ച് ഒരു വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. പ്രസ്തുതയോഗത്തിൽ പഞ്ചായത്ത് അസോസിയേഷൻ

സംസ്ഥാന പ്രസിഡന്റ് ശ്രീ. പി.റ്റി. മാത്യുവും ശുചിത്വമിഷൻ ഡയറക്ടർ ഡോ. ദിലീപ് കുമാറും, വിവിധ ജില്ലകളിൽ നിന്നും വന്ന പഞ്ചായത്ത് പ്രസിഡന്റുമാർ, പഞ്ചായത്ത് സെക്രട്ടറിമാർ, എൻജിനിയർമാർ, അസിസ്റ്റന്റ് എൻജിനിയർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, വിദ്യാഭ്യാസ/ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ എന്നിവർ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഓരോ പഞ്ചായത്തും മാലിന്യമുക്ത പഞ്ചായത്താക്കി മാറ്റാൻ അവലംബിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയുണ്ടായി. പ്രധാനമായും യോഗത്തിൽ ചെർച്ചചെയ്യപ്പെട്ടത് ഉറവിട മാലിന്യസംസ്കരണത്തെപ്പറ്റിയായിരുന്നു.

ഇവിടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട കാര്യങ്ങൾ തുടർനടപടിക്കായി പ്രത്യേകം തയ്യാറാക്കി ശുചിത്വമിഷന് നൽകിയിട്ടുണ്ട്.

## അസോസിയേഷൻ ഇടപെടലിന്റെ ഭാഗമായി ഉണ്ടായ ചില മാറ്റങ്ങൾ

- ത്രിതല സഹകരണ ബാങ്കിങ്ങ് സംവിധാനത്തിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഉത്തരവ്. സ.ഉ.(കൈ) നം.167/13/ത.സ്വഭവ തീയതി 06.05.2013
- പട്ടികജാതി പട്ടിവർഗ്ഗ പെൺകുട്ടികളുടെ വിവാഹ ധനസഹായം 50,000 രൂപയാക്കി വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവ് 1152/2013 തസ്വഭവ. തീയതി 25.04.2013
- 2012-13 മാർഗ്ഗനിർദ്ദേശ പ്രകാരം 2012-14 ലേക്ക് തയ്യാറാക്കിയ പ്രോജക്ടുകൾക്ക് വീണ്ടും ഗ്രാമസഭയുടെ അംഗീകാരം തേടേണ്ടതില്ല എന്ന ഉത്തരവ്. സ.ഉ. (എം.എസ്.)നം.169/13/തസ്വഭവ തീയതി 08.05.2013
- ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങാൻ ഉത്തരവ് സ.ഉ.(സാധാ)നം.ആർ.915/2013 തസ്വഭവ തീയതി 05.04.2013.
- കേരളോത്സവം 2013 തുക ചെലവഴിക്കുന്നതിനുള്ള അനുമതി ഭേദഗതി ചെയ്ത് തുക വർദ്ധിപ്പിച്ച് ഉത്തരവായി. സ.ഉ. (സാധാരണ) നം.2172/2013/ത.സ്വഭവ തീയതി 26.08.2013
- ഇ.എം.എസ്. ഭവനപദ്ധതി വായ്പയുടെ പലിശ മാറി നല്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായി.
- 01.04.2013 മുതൽ ജനപ്രതിനിധികളുടെ ഹോണറേറിയം വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് 04.09.2013 ലെ ഉത്തരവ്.
- പദ്ധതി ആസൂത്രണം, സബ്സിഡിനോംസ് എന്നിവ പുതുക്കി ഉത്തരവ് 16.11.2013 ലെ ഉത്തരവ്.

- എം.എൻ. ലക്ഷംവീട് പദ്ധതിയിൽ ഡ്യൂപ്ളക്സ് വീടുകൾക്ക് പകരം പുതിയ ഒറ്റവീടുകൾ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നൽകാൻ ഉത്തരവ് 10.12.2013 ലെ ഉത്തരവ്.
- അംഗൻവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപണി ഭൗതികസൗകര്യം വികസിപ്പിക്കൽ മുതലായ പ്രവർത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം ചെലവഴിക്കുന്നത് 23.01.2014 ലെ ഉത്തരവ്.
- കെട്ടിട നിർമ്മാണം - തീരദേശ പരിപാലനനിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് 2013-11-ാം മാസത്തിൽ ഇറക്കിയ കത്ത് പിൻവലിച്ച് കൊണ്ട് ഉത്തരവ്.
- മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലേക്ക് മെയിന്റനൻസ് ഗ്രാന്റിൽ മിച്ചം വന്ന തുക നൽകുന്നതിന് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്. 888/2014.ത.സ്വ.വ.ഭ. 26/03/2014.
- ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ മിച്ചം വന്ന തുക 65% കഴിഞ്ഞ് ക്യാരിഓവർ ചെയ്യാനുള്ള സർക്കാർ അനുമതി.
- മാർച്ച് 31 അർദ്ധരാത്രി വരെയും ട്രഷറി പ്രവർത്തനം ഉറപ്പാക്കാനുള്ള ഇടപെടൽ

  അതുകൂടാതെ പഞ്ചായത്തുകൾ അപ്പപ്പോൾ അറിയിക്കുന്ന കാര്യങ്ങൾ യഥാസമയം കോഡിനേഷൻ കമ്മറ്റിയിൽ എത്തിക്കൽ ഡിസംബറിലെ പദ്ധതി ഭേദഗതിക്കുള്ള സമയം നീട്ടിക്കൽ, ആസൂത്രണത്തിനും അംഗീകാരം വാങ്ങുന്നതിനുമുള്ള സമയം നീട്ടിക്കൽ തുടങ്ങി പഞ്ചായത്തുമായി ബന്ധപ്പെട്ട അപ്പപ്പോൾ ഉള്ള പ്രശ്നങ്ങൾ സർക്കാർ ശ്രദ്ധയിൽപ്പെടുത്താൻ അസോസിയേഷൻ ശ്രദ്ധചെലുത്തിയിട്ടുണ്ട്.

## ജില്ലാ അസോസിയേഷനുകളിലൂടെ

കാസർകോട് ജില്ലാ അസോസിയേഷൻ സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനായി ചെങ്കള പഞ്ചായത്തിൽ 10 സെന്റ് സ്ഥലം സംഘടിപ്പിച്ചു. കൂടാതെ സർക്കാരിൽ നിന്നും പെർമസ്സീവ് സാങ്ഷൻ വാങ്ങി ഒന്നര ലക്ഷം രൂപ വീതം പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ചു. കെട്ടിടത്തിന്റെ പണി ഉടൻ ആരംഭിക്കും. ഒരു പ്രാവശ്യം ജില്ലാ ജനറൽ ബോഡി ചേർന്നു. ജില്ലയിലെ ആസൂത്രണ, നിർവ്വഹണ വിലയിരുത്തലിന്റെ DPC യോടൊപ്പവും, DDP യോടൊപ്പവും ചേർന്ന് പ്രവർത്തിക്കുന്നു. എന്നാൽ കഴിഞ്ഞ വർഷം സാധ്യതകൾക്ക് അനുസരിച്ച് വേണ്ട പ്രവർത്തനങ്ങൾ നടത്തിയില്ല എന്ന വിമർശനവും ഉണ്ട്. ജില്ലാപ്രസിഡന്റ് - പഞ്ചായത്ത് പ്രസിഡന്റ്

സ്ഥാനത്ത് നിന്നും മാറ്റിയതിനാൽ അസോസിയേഷൻ ജില്ലാ പ്രസിഡന്റായി എക്സിക്യൂട്ടീവ് കമ്മറ്റി അംഗവും തൃക്കരിപ്പൂർ പഞ്ചായത്ത് പ്രസിഡന്റുമായ എ.ജി.സി. ബഷീറിനെ തെരഞ്ഞെടുക്കുകയുണ്ടായി. ജില്ലാ ജനറൽ ബോഡി നടന്നു. ഈ യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് പങ്കെടുത്തിരുന്നു.

**കണ്ണൂർ**

ജില്ലാ ജനറൽ ബോഡി നടന്നു. ജില്ലയിൽ കൂട്ടായ പ്രവർത്തനം നടക്കുന്നില്ല. അസോസിയേഷന്റെ പ്രവർത്തനത്തിൽ ജില്ലാ സെക്രട്ടറി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവർ വേണ്ട ശ്രദ്ധ കൊടുക്കുന്നില്ല. അസോസിയേഷന്റെ ജില്ലാതല യോഗങ്ങളിൽ കമ്മിറ്റി അംഗങ്ങൾ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. കുടുംബ സഹായ നിധി ശേഖരിക്കുന്നതിൽ ഒരുവിധം ശ്രദ്ധ കേന്ദ്രീകരിച്ചു. വരിസംഖ്യ ശേഖരിക്കാൻ വേണ്ട ഇടപെടൽ കൃത്യമായി നടക്കന്നില്ല.

**കോഴിക്കോട്**

കോഴിക്കോട് ജില്ലയിലെ ജനറൽ ബോഡി വളരെ വിപുലമായ രീതിയിൽ നടത്തി. പഞ്ചായത്ത് പ്രസിഡന്റ് മാർക്കായി പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. DDP യുടെ നേതൃത്വത്തിൽ കൃത്യമായി പദ്ധതി വിലയിരുത്തലിൽ പങ്കെടുത്തുവരുന്നു. വരിസംഖ്യ ശേഖരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല. സംസ്ഥാനതല തീരുമാനങ്ങളും പ്രവർത്തനങ്ങളും താഴേക്ക് എത്തിക്കുന്നതിൽ വേണ്ട ശ്രദ്ധ നൽകുന്നില്ല.

**വയനാട്**

ജനറൽ ബോഡിയായി പ്രത്യേകം നടത്തിയില്ല. പട്ടികവർഗ്ഗത്തിന്റെ – ഗോത്രയാനം നടത്തന്നതിൽ നേതൃത്വപരമായ പങ്ക് വഹിച്ചു. കളക്ട്രേറ്റ്, DDP, DPO, DPC എന്നിവിടങ്ങളിൽ കൃത്യമായ ഇടപെടൽ നടത്തുന്നു. ചെറിയ ജില്ല ആയതിനാൽ പലപ്പോഴും യോഗങ്ങൾ ജനറൽ ബോഡിയായാണ് ചേരുന്നത്. അസോസിയേഷൻ ജില്ലാ സെക്രട്ടറി ആയിരുന്ന സുൽത്താൻ ബത്തേരി പ്രസിഡന്റ് തൽസ്ഥാനം മാറേണ്ടി വന്നതിനാൽ ജില്ലാസെക്രട്ടറിസ്ഥാനം മാറുകയും പനമരം പ്രസിഡന്റ് ശ്രീ. ഹസ്മത്ത് തൽസ്ഥാനം ഏൽക്കുകയും ചെയ്തു. സംസ്ഥാനതല പ്രവർത്തനങ്ങളുടെ റിപ്പോർട്ടിംഗ് വേണ്ട രീതിയിൽ നടക്കുന്നില്ല. കൊച്ചു ജില്ലയാണെങ്കിലും വരിസംഖ്യ പൂർണ്ണമായും ശേഖരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

**മലപ്പുറം**

ജില്ലയിലെ ഏത് പൊതുപരിപാടികളിലും അസോസിയേഷന്റെ സാന്നിദ്ധ്യം അനിവാര്യമാണ് എന്ന അവസ്ഥയിൽ മാറ്റിയെടുക്കാൻ അവിടുത്തെ പ്രവർത്തനം വഴി കഴിഞ്ഞിട്ടുണ്ട്. ജില്ലാ ജനറൽ ബോഡി നടന്നു. ഇതിൽ സംസ്ഥാന ജനറൽസെക്രട്ടറി പങ്കെടുത്തു. ഇത് കൂടാതെ DDC, DDP എന്നിവരുടെ നേതൃത്വത്തിലും ജില്ലയിൽ ജനറൽ ബോഡി ചേർന്നിട്ടുണ്ട്. ജില്ലയിൽ ജനപ്രതിനിധികളുടെ ഒരു ഡയറക്ടറി തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും പൂർത്തിയായില്ല. വരിസംഖ്യ പൂർണ്ണമായും ശേഖരിക്കുന്നതിനോ, കുടുംബസഹായനിധി പൂർണ്ണമായും ശേഖരിക്കുന്നതിനോ കഴിഞ്ഞിട്ടില്ല.

**പാലക്കാട്**

പാലക്കാട് ജില്ലയിൽ ജില്ലാ കമ്മറ്റി വേണ്ട വിധത്തിൽ പങ്കാളിത്തത്തോടെ കൂടാറില്ല. ജില്ലാ ജനറൽബോഡി നടന്നു. കൂട്ടായ പ്രവർത്തനം ഈ ജില്ലയിൽ വളരെ കുറവായിട്ടാണ് കാണുന്നത്. വരിസംഖ്യ ശേഖരിക്കുന്നതിന്, കുടുംബസഹായ നിധി പിരിക്കുന്നതിൽ വേണ്ട ശ്രദ്ധ കൊടുക്കുന്നില്ല.

**തൃശ്ശൂർ**

ജില്ലാ ജനറൽ ബോഡി ജില്ലയിൽ വച്ച് നടന്നു. അസോസിയേഷൻ പ്രസിഡന്റ് പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. ആസൂത്രണ വിലയിരുത്തൽ, DDC പ്രവർത്തനം എന്നിവയിൽ അസോസിയേഷൻ സജീവമാണ്. എന്നാൽ കൃത്യമായി യോഗം ചേരുന്നതിലോ കൂട്ടായി പ്രവർത്തിക്കുന്നതിലോ വേണ്ട തരത്തിൽ വിജയിച്ചിട്ടില്ല. കമ്മറ്റികളിലെ പങ്കാളിത്തം കുറവാണ്. കുടുംബ സഹായനിധി 33 പഞ്ചായത്തുകൾ മാത്രമാണ് ഈ ജില്ലയിൽ തന്നത്. ഇത് ശേഖരിക്കുന്നതിലോ വാർഷിക വരിസംഖ്യ ശേഖരിക്കുന്നതിലോ വേണ്ട ശ്രദ്ധ കേന്ദ്രീകരിച്ചിട്ടില്ല.

**എറണാകുളം**

എറണാകുളം ജില്ല ജനറൽ ബോഡിയിൽ അസോസിയേഷൻ പ്രസിഡന്റ് ജനറൽ സെക്രട്ടറി എന്നിവർ പങ്കെടുത്തു. എന്നാൽ പങ്കാളിത്തം വളരെ കുറവായിരുന്നു. അസോസിയേഷൻ എന്ന നിലയിൽ കൃത്യമായി യോഗം ചേരുന്നതിനോ, വേണ്ട ഇടപെടൽ കൂട്ടായി നടത്തുന്നതിനോ വേണ്ട രീതിയിൽ ശ്രദ്ധിക്കുന്നില്ല. കുടുംബ സഹായനിധി 83 പഞ്ചായത്തുകളും അടക്കാൻ വേണ്ട ഇടപെടൽ നടത്താൻ കഴിഞ്ഞു എന്നത് പ്രശംസനീയം തന്നെ എന്നാൽ വരിസംഖ്യ ശേഖരിക്കുന്നതിൽ വേണ്ട രീതിയിൽ ഇടപെടുന്നില്ല.

**ഇടുക്കി**

ഇടുക്കി ജില്ലയിൽ യോഗം പോലും കൃത്യസമയത്തിന് ചേരാത്ത അവസ്ഥ യാണ്. ജില്ലാ പ്രസിഡന്റ് സെക്രട്ടറി എന്നിവർ പുതുതാണ്. ഇരുപേരെയും കുടുംബ സഹായനിധിക്ക് 10 പഞ്ചായത്തുകൾ മാത്രമാണ് തുക അടച്ചത്. വരിസംഖ്യ അടക്കു ന്നതിലും വളരെ പുറകിലാണ്. ജില്ലാ ജനറൽബോഡി നടത്തിയിട്ടില്ല.

**കോട്ടയം**

ജില്ലാ ജനറൽ ബോഡി നടത്തിയിരുന്നു. ഇതിൽ വച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരെ പുതുതായി തെരഞ്ഞെടുത്തു. പഞ്ചായത്ത് ദിനാഘോഷം സംഘ ടിപ്പിക്കുന്നതിൽ ജില്ലാ കമ്മറ്റി വളരെ ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തിയത്. കുടുംബസഹായനിധി 15 പഞ്ചായത്തുകൾക്ക് മാത്രമാണ് നൽകിയത്. വരിസംഖ്യ ശേഖരിക്കുന്നതിലും വളരെ പിന്നിലാണ്. ഇതുവരെ കൃത്യമായി യോഗം പോലും ചേരാത്ത അവസ്ഥയായിരുന്നു.

**ആലപ്പുഴ**

ജില്ലാ ജനറൽബോഡി നടത്തി. ഇപ്പോൾ ജില്ലാതലയോഗങ്ങൾ കൃത്യമായി ചേരുന്നില്ല. 100% വരിസംഖ്യ അടച്ചുതീർത്ത ജില്ലയെന്ന നിലയിൽ പ്രത്യേകം അഭിന ന്ദനം അർഹിക്കുന്നു. എന്നാൽ കുടുംബസഹായനിധി കേവലം 11 പഞ്ചായത്തുകൾ മാത്രമേ നൽകിയുള്ളൂ. കൃത്യമായി യോഗങ്ങൾ ചേരുന്നതിലോ, യോഗ പങ്കാളിത്തം ഉയർത്തുന്നതിലോ ഇവിടെയും വേണ്ട രീതിയിൽ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല.

**പത്തനംതിട്ട**

പത്തനംതിട്ട ജില്ലയിൽ കൃത്യമായി യോഗം ചേരുന്നില്ല. ജനറൽ ബോഡി നടത്തിയില്ല. കുടുംബസഹായനിധി ആകെ നാല് പഞ്ചായത്തുകൾ മാത്രമാണ് നൽകി യത്. വരിസംഖ്യ ശേഖരിക്കുന്നതിലും വേണ്ട ശുഷ്ക്കാന്തി കാണിക്കുന്നില്ല.

**തിരുവനന്തപുരം**

ഈ വർഷം രണ്ട് തവണ ജനറൽ ബോഡി നടത്തി. കമ്മറ്റി ചേർന്ന് വേണ്ട രീതിയിൽ പ്രവർത്തിച്ചിട്ടില്ല. കുടുംബസഹായനിധി 20 പഞ്ചായത്തുകൾ മാത്രമാണ് നൽകിയത്. വരിസംഖ്യ ശേഖരിക്കുന്നതിലും വളരെ പിന്നിലാണ്.

ഇത് ഓരോ ജില്ലയും സ്വയം വിമർശനാത്മകമായി കണ്ടുകൊണ്ട് തുടർപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. അതിനായി ചില പൊതുകാര്യങ്ങൾകൂടി നിങ്ങളുടെ ചർച്ചയ്ക്കായി സൂചിപ്പിക്കട്ടെ:

- ജില്ലാ ജനറൽ ബോഡി വിളിച്ചാൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ഒരാളും പങ്കെടുക്കാതിരിക്കുക.
- വരിസംഖ്യ, കുടുംബസഹായനിധി, ഭവനഫണ്ട് എന്നിവ കൃത്യമായി അടക്കാതിരിക്കുക.
- ജില്ല എക്സിക്യൂട്ടീവ് കമ്മറ്റികൾ കൃത്യമായി കൂടാതിരിക്കുക. അതിലെ അംഗങ്ങൾ പങ്കെടുക്കാതിരിക്കുക.
- പഞ്ചായത്തുകളുടെ പ്രശ്നങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്താനും അതിൽ ഇടപെട്ട് പരിഹരിക്കാനും വേണ്ട ശ്രദ്ധ ചെലുത്താതിരിക്കുക.
- അസോസിയേഷൻ അയയ്ക്കുന്ന കത്തുകളോട് വേണ്ടരീതിയിൽ പ്രതികരിക്കാതിരിക്കുക.
- അസോസിയേഷന്റെ പ്രവർത്തനങ്ങൾ, ഇടപെടൽ, തീരുമാനങ്ങൾ എന്നിവ ജില്ലാതലം മുതൽ താഴേക്ക് എത്തിക്കാതിരിക്കുക.
- വരിസംഖ്യ, കുടുംബസഹായനിധി, ഭവന പുനരുദ്ധാരണ ഫണ്ട് എന്നിവ കൃത്യസമയത്ത് നൽകുന്നതിലെ വീഴ്ച.
- പഞ്ചായത്തുകൾ നടത്തുന്ന മാതൃകാപ്രവർത്തനങ്ങൾ രേഖപ്പെടുത്തി കൃത്യസമയത്ത് അസോസിയേഷനിൽ എത്തിക്കാതിരിക്കുക.
- പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനായി ആവശ്യമായ സഹായം അസോസിയേഷനോട് ആവശ്യപ്പെടാതിരിക്കുക.

തുടങ്ങിയവ സ്വയം വിമർശനാത്മകമായി കണ്ടുകൊണ്ടുവേണം തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. ഈ സ്ഥിതിയിൽ നിന്നും ജില്ലാതല പ്രവർത്തനങ്ങൾക്ക് മാറ്റം വന്നേ മതിയാകൂ.

ഇവ കൂടാതെ പഞ്ചായത്തുകൾ അപ്പപ്പോൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, നിർദ്ദേശങ്ങൾ കൃത്യസമയത്ത് സർക്കാരിൽ എത്തിച്ച് തുടർനടപടികൾ ചെയ്യുന്നതിനും അസോസിയേഷന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ പോളിസികൾ രൂപപ്പെടുത്തുമ്പോൾ, സർക്കാർ വിവിധ ആവശ്യങ്ങൾക്കായി കമ്മറ്റികൾ നിയോഗിക്കുമ്പോൾ അവിടെയൊക്കെ കൃത്യമായി പഞ്ചായത്തുകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എത്തിക്കുന്നതിൽ അസോസിയേഷൻ കൃത്യമായി ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ, സദ്ഭരണം ഉറപ്പാക്കുന്നതിൽ, പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിൽ, അതുവഴി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ശക്തമായ പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്നതിൽ നമുക്ക് ഒട്ടേറെ കാര്യങ്ങൾ ഇനിയും ചെയ്തുതീർക്കാനുണ്ട്

അതിന് കുറേക്കൂടി ഗൗരവത്തോടെ കൂട്ടായി നാം പരിശ്രമിക്കണം. അതിന് നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാർത്ഥമായ പിന്തുണയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് നിങ്ങളുടെ വിലയേറിയ ചർച്ചയ്ക്കും, അഭിപ്രായത്തിനുമായി 2013 ഫെബ്രുവരി മുതൽ 2014 ഏപ്രിൽ വരെയുള്ള റിപ്പോർട്ടും കണക്കും ഈ ജനറൽ ബോഡിക്ക് മുൻപാകെ സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

14/05/2014

**സൂപ്പി നരിക്കാട്ടേരി**
ജനറൽ സെക്രട്ടറി

| 2012 – 2013 ലെ വരവ് ചിലവ് കണക്ക് | | | | |
|---|---|---|---|---|
| ക്ര. നം. | വരവ് | | ചിലവ് | |
| | ഇനം | തുക | ഇനം | തുക |
| 1 | മുൻ നീക്കിയിരിപ്പ് | 13,755.00 | ബാങ്കിൽ നിക്ഷേപം | 39,20,271.00 |
| 2 | വരിസംഖ്യായിനത്തിൽ | 14,23,700.00 | ബാങ്ക് ചാർജ് | 6,386.00 |
| 3 | ബാങ്കിൽ നിന്ന് പിൻവലിച്ചത് | 25,51,016.00 | എക്സി.ജില്ലാതല മീറ്റിംഗ്,ഭാരവാഹികളുടെ യോഗം,അക്കാഡമിക് പ്രോഗ്രാം. യാത്രാ ബത്ത | 1,82,855.00 |
| 4 | വാടകയിനത്തിൽ | 16,41,640.00 | പഞ്ചായത്ത് ഭവൻ ഫണ്ട് - നിക്ഷേപം | 48,047.00 |
| 5 | കിലയിൽ നിന്നുള്ള ഫണ്ട് | 7,91,543.00 | മീറ്റിങ്. ഭക്ഷണചിലവ് | 1,72,324.00 |
| 6 | പഞ്ചായത്ത് ഭവൻ ഫണ്ട് | 96,547.00 | ശമ്പളം | 9,71,745.00 |
| 7 | ന്യൂസ് പേപ്പർ വിറ്റുവരവ് | 548.00 | ജീവനക്കാരുടെ സ്പെഷ്യൽ അലവൻസ് | 45,930.00 |
| 8 | വികസന ഗൈഡ് വിറ്റുവരവ് | 24,800.00 | റിപ്പയറിംഗ് & മെയിന്റനൻസ് | 19,977.00 |
| 9 | ബാങ്ക് പലിശ | 35,818.00 | റീത്ത് | 600.00 |
| 10 | ജീവനക്കാരുടെ അഡ്വാൻസ്, ലോൺ തിരികെ | 2,40,164.00 | ഫോട്ടോകോപ്പി | 470.00 |
| 11 | | | വെള്ളം | 15,889.00 |
| 12 | | | ടാക്സ് | 1,39,703.00 |
| 13 | | | കറന്റ് ചാർജ് | 1,79,021.00 |
| 14 | | | ജീവനക്കാരുടെ അഡ്വാൻസ്, ഓണം അഡ്വാൻസ്, ലോൺ | 2,66,645.00 |
| 15 | | | കൊറിയർ & സ്റ്റാമ്പ് | 30,580.00 |
| 16 | | | ടെലിഫോൺ | 30,263.00 |
| 17 | | | മോട്ടോർ ബൈക്ക് റിപ്പയറിംഗ്, പെട്രോൾ ചാർജ് | 7,523.00 |
| 18 | | | ശുചീകരണ സാധനങ്ങൾ & ഇലക്ട്രിക്കൽ സാധനങ്ങൾ | 22,367.00 |
| 19 | | | ജീവനക്കാരുടെ യാത്രാപടി | 10,947.00 |
| 20 | | | ഡിഷ് റ്റിവി ചാർജ് | 3,869.00 |
| 21 | | | പഞ്ചായത്ത് ദിനാഘോഷം | 1,130.00 |
| 22 | | | പ്രിന്റിംഗ്, സ്റ്റേഷനറി | 62,006.00 |
| 23 | | | ന്യൂസ് പേപ്പർ | 8,850.00 |
| 24 | | | വാടക മടക്കി നൽകിയത് | 44,500.00 |
| | | | *ജില്ലാതല സംസ്ഥാനതല ചർച്ചയുടെ അടിസ്ഥാനത്തിൽ അവതരിപ്പിച്ച കരട് രേഖ ചർച്ചയുടെ ആകെ ചിലവ് | 3,07,159.00 |
| | | | കംപ്യൂട്ടർ വാങ്ങിയ വകയിൽ | 29,480.00 |
| | | | വെബ്സൈറ്റ് | 10,000.00 |

| | | | | |
|---|---|---|---|---|
| | | | ഡോക്യുമെന്റേഷൻ ചാർജ് | 7,000.00 |
| | | | ബെഡ്ഷീറ്റ് ശുചീകരണം | 6,855.00 |
| | | | വാട്ടർ ഹീറ്റർ വാങ്ങിയ വകയിൽ | 6,200.00 |
| | | | | |
| | | | 28-ാം ജനറൽ ബോഡി | 83,006.00 |
| | | | മൊമന്റോ | 8,604.00 |
| | | | ബെഡ്ഷീറ്റ് വാങ്ങിയത് | 24,995.00 |
| | | | പഞ്ചായത്തുകളുടെ ട്രെയിനിംഗ് ചിലവ് | 1,42,194.00 |
| | | | പ്രസ്സ് കോൺഫറൻസ് | 1,000.00 |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | ക്ലോസിംഗ് ബാലൻസ് | 1,140.00 |
| | | | | |
| | | 68,19,531.00 | | 68,19,531.00 |

*12-ാം പഞ്ചവത്സര പദ്ധതി കർമ്മരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയ വിദഗ്ദ്ധരുടെ യോഗങ്ങൾ ജില്ലാതല മീറ്റിംഗുകൾ, പ്രന്റിംഗ്, സംസ്ഥാനതല ജനറൽ ബോഡി.

| 2013 – 2014 ലെ വരവ് ചിലവ് കണക്ക് | | | | |
|---|---|---|---|---|
| ക്ര. നം. | വരവ് (Cr) | | ചിലവ് (Dr) | |
| | ഇനം | തുക | ഇനം | തുക |
| 1 | മുൻ നീക്കിയിരിപ്പ് (Opening Balance) | 1,140.00 | ബാങ്കിൽ നിക്ഷേപം | 35,04,177.00 |
| 2 | വരിസംഖ്യായിനത്തിൽ | 7,03,786.00 | ബാങ്ക് ചാർജ് (കളക്ഷൻ ചാർജ്) | 2,031.00 |
| 3 | ബാങ്കിൽ നിന്ന് പിൻവലിച്ചത് | 28,04,765.00 | എക്സി.ജില്ലാതല മീറ്റിംഗ്, ഭാരവാഹികളുടെ യോഗം, അക്കാഡമിക് പ്രോഗ്രാം. യാത്രാ ബത്ത | 2,07192.00 |
| 4 | വാടകയിനത്തിൽ | 17,23,890.00 | ജീവനക്കാരുടെ ശമ്പളം | 10,13,967.00 |
| 5 | പഞ്ചായത്ത് ഭവൻ ഫണ്ട് | 1,64,000.00 | എക്സി.ജില്ലാതല മീറ്റിംഗ്, ഭാരവാഹികളുടെ യോഗം, അക്കാഡമിക് പ്രോഗ്രാം. ഭക്ഷണചിലവ് | 1,46,755.00 |
| 6 | ഹാൾ റെന്റ് തിരികെ (അഡ്വാൻസ് 2.5.13) | 2,500.00 | പരസ്യം, ബാനർ | 9,440.00 |
| 7 | ബാങ്ക് പലിശ | 91,751.00 | ജീവനക്കാരുടെ സ്പെഷ്യൽ അലവൻസ് | 48,335.00 |
| 8 | ജീവനക്കാരുടെ ലോൺ, അഡ്വാൻസ് തിരികെ | 3,61,932.00 | പഞ്ചായത്ത് ദിനാഘോഷം- ചിലവ് | 21,868.00 |
| 9 | കുടുംബ സഹായ ഫണ്ട് | 8,32,550.00 | മോട്ടോർ ബൈക്ക് റിപ്പയറിംഗ്, പെട്രോൾ ചാർജ് | 11,757.00 |
| 10 | മീറ്റീംഗ് അഡ്വാൻസ് തിരികെ | 27,000.00 | ഗ്ലോബൽ മീറ്റിംഗ് യാത്രാ ചിലവ് | 10,420.00 |
| 11 | ഇ.എം.ഡി | 14,500.00 | പോസ്റ്റൽ സ്റ്റാമ്പ്,കൊറിയർ | 36,768.00 |
| 12 | ടെന്റർ ഫോം ചാർജ് | 1,400.00 | ജില്ലാതല പരിശീലനങ്ങളുടെ ചിലവ് | 70,553.00 |
| 13 | വികസന ഗൈഡ് | 4,100.00 | സർവീസ് ടാക്സ് | 1,62,706.00 |
| 14 | ബാങ്ക് ചാർജ് | 1,827.00 | വൈദ്യുതി ചാർജ് | 1,60,061.00 |
| 15 | ന്യൂസ് പേപ്പർ വിറ്റുവരവ് | 324.00 | ഡോക്യുമെന്റേഷൻ ചാർജ് | 1,200.00 |
| 16 | കിലയിൽ നിന്നുള്ള ഫണ്ട് | 57,386.00 | ഓണം അഡ്വാൻസ് | 57,000.00 |
| 17 | | | ടെലിഫോൺ | 32,106.00 |
| 18 | | | റിപ്പയറിംഗ & മെയിന്റനൻസ് | 24,805.00 |
| 19 | | | ശുചീകരണ സാധനങ്ങൾ,ഇലക്ട്രിക്കൽ സാധനങ്ങൾ | 9,061.00 |
| 20 | | | ടെന്റർ നോട്ടീസ് | 11,200.00 |

| | | | | |
|---|---|---|---|---|
| 21 | | | ഡിഷ് ടി.വി വാടക | 2,180.00 |
| 22 | | | പ്രിന്റിംഗ്, സ്റ്റേഷനറി | 1,00,629.00 |
| 23 | | | ന്യൂസ് പേപ്പർ | 8,250.00 |
| 24 | | | താൽകാലിക ദിവസ വേതനത്തിന് നിയമിക്കപ്പെട്ട വരുടെ ശമ്പളം | 5,950.00 |
| 25 | | | സംസ്ഥാനതല അനുഭവം പങ്കുവയ്ക്കൽ ശില്പ ശാലകൾ,വർക്ഷോപ്പുകൾ, സെമിനാറുകൾ, ദ്വിദിന എക്സി.കമ്മറ്റികൾ-ആകെ ചിലവ് | 6,73,324.00 |
| 26 | | | ശുചീകരണ ജോലി, (അധിക ശുചീകരണം) | 13,705.00 |
| 27 | | | ബെഡ്ഷീറ്റ് ശുചീകരണം | 7,140.00 |
| 28 | | | | |
| 29 | | | വെള്ളക്കരം, ടാങ്കർ ലോറി വെള്ളം - (അധിക വെള്ളം ചിലവ് ) | 71,169.00 |
| 30 | | | ജീവനക്കാരുടെ ടി.എ. | 17,549.00 |
| 31 | | | ജീവനക്കാരുടെ അഡ്വാൻസ്, ലോൺ, ബോണസ് | 3,06,782.00 |
| 32 | | | വെബ്സൈറ്റ് നവീക രിച്ചതും, സർക്കാരിലേക്കുള്ള സൈറ്റ് ഫീസും. | 15,000.00 |
| 33 | | | ചികത്സാ സഹായം(പുല്ല മ്പാറ പ്രസി.) | 20,000.00 |
| 34 | | | ഇന്റർനെറ്റ് ചാർജ് | 6,251.00 |
| 35 | | | ഭൂജല അതോറിറ്റി- കുഴൽ കിണറിന്റെ എസ്റ്റിമേറ്റ് | 1,750.00 |
| 36 | | | | |
| 37 | | | | |
| 38 | | | ക്ലോസിംഗ് ബാലൻസ് (Cash in hand) | 1,770.00 |
| 39 | | | | |
| 40 | | 67,92,851.00 | | 67,92,851.00 |

29.03.2014 വരിസംഖ്യയിനത്തിൽ ബാങ്കിൽ നീക്കിയിരിപ്പ് - 39,03,222.00

14.2.2014 പഞ്ചായത്ത് ഭവൻ ഫണ്ട് ഇനത്തിൽ ബാങ്കിൽ നീക്കിയിരിപ്പ് - 2,60,215.00

ആകെ- **4,163,437.00**